22
2025
മാർച്ച്
ശനി
മീനം 8

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.104 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-104 പേജ് 4. വില 2.00 രൂപ

02 കേരളം അടിസ്ഥാന വികസന മേഖലയിൽ ഒരുപാട് ദൂരം മുന്നേറി

03 വീണാ ജോർജുമായി കൂടിക്കാഴ്ച നടത്തും; കാത്തിരുന്ന വിവരം അറിഞ്ഞില്ലെന്ന് നദ്ദ

04 സമരക്കാർക്ക് പിടിവാശിയെന്ന് മന്ത്രി രാജേഷ്; നിയമസഭയിൽ പ്രതിപക്ഷം ഇറങ്ങിപ്പോയി

# വിഴിഞ്ഞം പുനരധിവാസം സമയബന്ധിതമായി നടപ്പിലാക്കും



വിഴിഞ്ഞം : അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന കുറവുകൾക്കും നഷ്ടങ്ങൾക്കും പരിഹാരമായി പ്രസ്തുത ജനതയുടെ അർഥപൂർണമായ സാമ്പത്തിക സാമൂഹിക സാംസ്കാരിക വളർച്ച ഉറപ്പാക്കുമെന്ന് തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവൻ പറഞ്ഞു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ട് മൽസ്യത്തൊഴിലാളികൾക്കുള്ള ജീവനോപാധി നഷ്ടപരിഹാര വിതരണത്തിന്റെ ഉദ്ഘാടനം വിഴിഞ്ഞം സിം ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

കഴിഞ്ഞ ഡിസംബർ 3 ഓടെ വിഴിഞ്ഞം പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. പ്രധാനമന്ത്രിയുടെ തീയതി ലഭിക്കുന്നതിനനുസരിച്ച് ആദ്യ ഘട്ടം കമ്മീഷൻ ചെയ്യും. 232 ചരക്ക് കപ്പലുകളിൽ നിന്നായി അഞ്ച് ലക്ഷത്തോളം കണ്ടെയ്നറുകൾ ഇതുവരെ വിഴിഞ്ഞത്ത് കൈകാര്യം ചെയ്തു എന്നത് അഭിമാനകരമായ നേട്ടമാണ്.

ഫെബ്രുവരിയിൽ മാത്രം 72000 ത്തോളം കണ്ടെയ്നറുകളാണ് എത്തിയത്. തുടർ പദ്ധതിക്ക് പരിസ്ഥിതി അംഗീകാരം ലഭിക്കുകയും ആവശ്യമായ ധാരണാപത്രങ്ങൾ ഒപ്പു വെക്കുകയും ചെയ്തു കഴിഞ്ഞു. കമ്മീഷനിംഗ് കഴിഞ്ഞാൽ തുടർ നടപടികൾ പൂർത്തിയാക്കും.

വൻകിട പദ്ധതികൾ നടപ്പാക്കുമ്പോൾ അതിന്റെ ഭാഗമായി നഷ്ടങ്ങളുണ്ടാകുന്ന ജനതയെ ചേർത്തു നിർത്തണം എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ജീവനോപാധി നഷ്ടപ്പെട്ടവർക്ക് സാമൂഹിക ക്ഷേമ പദ്ധതികൾ മുൻകൂട്ടി തയ്യാറാക്കുകയും ജനങ്ങൾക്ക് മുന്നിൽ അവ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു. 2700 ആളുകൾക്ക് നിലവിൽ 284 കോടി രൂപയോളം വിതരണം ചെയ്തു കഴിഞ്ഞു. ഇന്ന് മാത്രം 8.76 കോടി രൂപയാണ് വിതരണം ചെയ്യുന്നത്. കരമടി തൊഴിലാളികൾക്കുൾപ്പെടെ സഹായം നൽകിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. ഇനിയും പരാതികളുണ്ടായാൽ അവ പരിഹരിക്കുന്നതിന് അപ്പീൽ കമ്മിറ്റിക്കും അംഗീകാരം നൽകി. സാമൂഹിക പ്രതിബദ്ധതയോടെ സാമൂഹിക വികസന ക്ഷേമ പദ്ധതികൾക്ക് രൂപം നൽകി ശാശ്വതമായ പരിഹാരം കണ്ടെത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. സ്കൂൾ, ആശുപത്രി വീടുകൾ, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ഉറപ്പാക്കുന്നു.

പദ്ധതിയുടെ തുടർച്ചയായി റയിൽവേപ്പാലം, തുരങ്കപാത, റോഡുകൾ എന്നിവ ദ്രുത ഗതിയിൽ പൂർത്തിയാകുന്നതോടെ ചരക്ക് ഗതാഗത മേഖലയിൽ വലിയ വളർച്ചയുണ്ടാകും. ഇത് തൊഴിലവസരങ്ങൾ വർധിപ്പിച്ചും വിഴിഞ്ഞം ജനതയുടെ ജീവിത നിലവാരം ഉയർത്തിയും വികസനരംഗത്ത് വിസ്മയം സൃഷ്ടിക്കുമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാന ഗവൺമെന്റ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട വാഗ്ദാനങ്ങൾ ഒന്നൊന്നായി പാലിച്ചു വരികയാണെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. രണ്ട് മാസത്തിനുള്ളിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ടത്തിന്റെ കമ്മീഷനിംഗ് നടക്കും. രണ്ടും മൂന്നും ഘട്ടങ്ങൾ കഴിയുമ്പോൾ ലോകത്തിൽ ഏറ്റവും മികച്ച തുറമുഖങ്ങളിലൊന്നായി വിഴിഞ്ഞം മാറും. പദ്ധതിയുടെ ഭാഗമായി വിഴിഞ്ഞത്തിന്റെ 100 കിലോമീറ്റർ ചുറ്റളവിൽ വികസനം സാധ്യമാകുകയും പുതിയ സംരഭങ്ങൾ, അടിസ്ഥാന സൗകര്യ വികസനം എന്നിവ വർധിക്കുകയും ചെയ്യും.

പരമ്പരാഗത മൽസ്യത്തൊഴിലാളികളെ ചേർത്തു പിടിച്ചാണ് സംസ്ഥാന സർക്കാർ മുന്നോട്ട് പോകുന്നത്. മൽസ്യത്തൊഴിലാളി സംഘടനകളുടെ നിർദേശമടക്കം പരിഗണിച്ചാണ് പുനരധിവാസ വിഷയത്തിൽ തീരുമാനമെടുത്തത്. വിഴിഞ്ഞം പുനരധിവാസം സമയബന്ധിതമായും വേഗത്തിലും പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു.

വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ സ്വാഗതമാശംസിച്ചു. തുറമുഖ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ. എ കൗശികൻ റിപ്പോർട്ട് അവതരിപ്പിച്ചു. എം വിൻസന്റ് എം എൽ എ വിശിഷ്ടാതിഥിയായി. വാർഡ് കൗൺസിലർമാരായ നിസാമുദ്ദീൻ, പനിയടിമ ജോൺ തുടങ്ങിയവർ സംബന്ധിച്ചു. ഫിഷറീസ് വകുപ്പ് അഡീഷണൽ ഡയറക്ടർ സ്മിത ആർ നായർ നന്ദി അറിയിച്ചു.



വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മൽസ്യത്തൊഴിലാളികൾക്കുള്ള ജീവനോപാധി നഷ്ട പരിഹാരം മന്ത്രി വി എൻ വാസവൻ വിതരണം ചെയ്യുന്നു. മന്ത്രി സജി ചെറിയാൻ, എം വിൻസന്റ് എം എൽ എ എന്നിവർ വേദിയിൽ

## മത്സ്യ മാർക്കറ്റുകൾ സർക്കാർ തലത്തിൽ നിർമ്മിക്കുന്നത് ചരിത്രത്തിലാദ്യം: മന്ത്രി

സർക്കാർ മുൻകൈയെടുത്ത് മത്സ്യ മാർക്കറ്റുകൾ നിർമ്മിച്ചുകൊടുക്കുന്നത് ചരിത്രത്തിലാദ്യമാണെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ.

ശുചിത്വം പാലിച്ചുകൊണ്ട് സംസ്ഥാനത്ത് എല്ലാ മാർക്കറ്റുകളും നവീകരിക്കുന്ന പ്രവർത്തനം പുരോഗമിക്കുകയാണ്. വാണിജ്യ വ്യാപാര രംഗത്ത് വലിയ കുതിച്ചുചാട്ടം കൂടി ലക്ഷ്യമിട്ടാണ് മാർക്കറ്റുകളുടെ ആധുനികവൽക്കരിക്കലെന്നും മന്ത്രി പറഞ്ഞു. അത്യാധുനിക നിലവാരത്തിൽ നിർമ്മിക്കുന്ന പഴയകുന്നുമ്മൽ മത്സ്യ മാർക്കറ്റിന്റെ നിർമ്മാണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

മാർക്കറ്റുകളിൽ ശുചിത്വം ഉണ്ടാകണം, കച്ചവടത്തിന് വരുന്നവർക്ക് എല്ലാ സൗകര്യങ്ങളും ഉണ്ടാകണം. ഇതാണ് ഈ രംഗത്തെ സർക്കാരിന്റെ നിലപാട്. ഇതിനോടകം 65 മാർക്കറ്റുകളുടെ നിർമ്മാണം നടത്തി. ഗുണമേന്മയും ശുചിത്വവുമുള്ള മത്സ്യം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക. അതുവഴി മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ ആനുപാതികമായ വർധന കൊണ്ടുവരിക, സംസ്ഥാനത്തെ മത്സ്യവിപണനം വിപുലീകരിക്കുക എന്നിവയും ലക്ഷ്യമിട്ടാണ് മാർക്കറ്റുകൾ നവീകരിക്കുന്നത്.

273651.33 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ നിർമ്മിക്കുന്ന രണ്ടു മത്സ്യ മാർക്കറ്റ് കെട്ടിടങ്ങളിലായി 22 കടമുറികൾ, 4 ബുച്ചർ സ്റ്റോറുകൾ, 15 മത്സ്യ വില്പന സ്റ്റോളുകൾ, ദിവസ കച്ചവടക്കാർക്കുള്ള മുറി, ഇലക്ട്രിക്കൽ മുറി, സെക്യൂരിറ്റി മുറി, ഓഫിസ് മുറി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് മത്സ്യ മാർക്കറ്റ് നിർമ്മാണം നടപ്പിലാക്കുന്നത്.

ഓരോ സ്റ്റാളിലും ആവശ്യമായ സ്റ്റെയിൻലസ്സ് സ്റ്റീൽ ഡിസ്പ്ലേ ട്രോളി, സിങ്കുകൾ, ഡ്രെയ്നേജ് സംവിധാനം, മാൻഹോളുകൾ തുടങ്ങിയവയും മാർക്കറ്റിൽ സജ്ജീകരിക്കും. പൊതുജനങ്ങൾക്ക് സൗകര്യപ്രദമായി മത്സ്യം വാങ്ങാൻ കഴിയും വിധമാണ് മാർക്കറ്റ് രൂപകൽപ്പന. ആധുനിക സൗകര്യങ്ങളോടു കൂടിയ ടോയ്‌ലറ്റുകൾ, മതിയായ ഡ്രെയിനേജ് സൗകര്യങ്ങൾ, മലിനജല സംസ്കരണ പ്ലാന്റ് എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആറു മാസമാണ് പദ്ധതിയുടെ നിർമ്മാണ കാലാവധി. ഒ എസ് അംബിക എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി പി മുരളി, പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ സലിൽ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് മെമ്പർ ജി ജി ഗിരി കൃഷ്ണൻ, രാഷ്ട്രീയ ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## ഓപ്പറേഷൻ ഡിഹണ്ട്: 251 പേരെ അറസ്റ്റ് ചെയ്തു; എം.ഡി.എം.എയും മറ്റു മയക്കുമരുന്നുകളും പിടിച്ചെടുത്തു

ഓപ്പറേഷൻ ഡിഹണ്ടിന്റെ ഭാഗമായി ഇന്നലെ (മാർച്ച് 20) സംസ്ഥാനവ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ മയക്കുമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്ന 2765 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. വിവിധതരത്തിലുള്ള നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 236 കേസുകൾ രജിസ്റ്റർ ചെയ്തു. 251 പേരാണ് അറസ്റ്റിലായത്. ഈ കേസുകളിൽ എല്ലാം കൂടി മാരക മയക്കുമരുന്നുകളായ എം. ഡി. എം. എ (38.756 ഗ്രാം), കഞ്ചാവ് (24.683 കി. ഗ്രാം), കഞ്ചാവ് ബീഡി (168 എണ്ണം) എന്നിവ പൊലീസ് ഇവരിൽ നിന്ന് പിടിച്ചെടുക്കുകയുണ്ടായി. നിരോധിത മയക്കുമരുന്നുകളുടെ സംഭരണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നവരെ കണ്ടുപിടിച്ച് കർശന നിയമനടപടികൾ സ്വീകരിക്കുന്നതിനാണ് 2025 മാർച്ച് 20ന് സംസ്ഥാന വ്യാപകമായി ഓപ്പറേഷൻ ഡിഹണ്ട് നടത്തിയത്. മയക്കുമരുന്ന് സംബന്ധിച്ച വിവരങ്ങൾ സ്വീകരിച്ച് നടപടികൾ കൈക്കൊള്ളുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ആന്റി നർക്കോട്ടിക്ക് കൺട്രോൾ റൂം (9497927797) നിലവിലുണ്ട്. ഈ നമ്പറിലേക്ക് ബന്ധപ്പെടുന്നവരുടെ വിവരങ്ങൾ രഹസ്യമായാണ് സൂക്ഷിക്കുന്നത്.

## 18 ബിജെപി എംഎൽഎമാർക്ക് സസ്പെൻഷൻ

ബംഗളൂരു: കർണാടകയിൽ 18 ബിജെപി എംഎൽഎമാരെ സസ്പെൻഡുചെയ്തു. ഹണി ട്രാപ്പ് പ്രതിഷേധത്തിനു പിന്നാലെയാണ് നടപടി.

അതേസമയം പ്രതിഷേധം തുടരുമെന്ന് ബിജെപി അറിയിച്ചു. കർണാടകയിലെ ഒരു മന്ത്രിയെ കുടുക്കാൻ രണ്ട് തവണ ഹണി ട്രാപ്പ് ശ്രമം നടന്നെന്ന് മന്ത്രി സതീഷ് ജർക്കിഹോളി വെളിപ്പെടുത്തിയിരുന്നു. 48 എംഎൽഎമാർ ഹണി ട്രാപ്പിലെന്ന് സഹകരണ വകുപ്പ് മന്ത്രി കെ. എൻ. രാജണ്ണയും പറഞ്ഞിരുന്നു. ഇതിൽ ഭരണകക്ഷിയിലെയും പ്രതിപക്ഷത്തെയും എംഎൽഎമാർ ഉണ്ട്. ദേശീയ പാർട്ടികളിലെ എംഎൽഎ മാരും ഹണി ട്രാപ്പിന് ഇരകളാണ്.

## പോലീസ് പിടികൂടിയ യുവാവ് എംഡിഎംഎ വിഴുങ്ങിയതായി സംശയം; ആശുപത്രിയിലേക്ക് മാറ്റി

കോഴിക്കോട്: താമരശേരിയിൽ പോലീസ് പിടികൂടിയ യുവാവ് എംഡിഎംഎ വിഴുങ്ങിയതായി സംശയം. താമരശേരി സ്വദേശി ഫായിസ് ആണ് പിടിയിലായത്. താമരശേരി അരയാറ്റു കുന്നിൽ ആണ് സംഭവം.

ഇയാളെ പരിശോധനയ്ക്കായി ആശുപത്രിയിലേക്ക് മാറ്റി. ഭാര്യയെയും കുടുംബത്തെയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയ യുവാവിനെ നാട്ടുകാർ പോലീസിൽ ഏൽപ്പിക്കുകയായിരുന്നു.

തുടർന്ന് ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെയാണ് ഇയാൾ കൈയിലുള്ള എംഡിഎംഎ എന്ന് സംശയിക്കുന്ന ലഹരി വസ്തു വിഴുങ്ങിയത്. എംഡിഎംഎ വിഴുങ്ങിയെന്ന് ഇയാൾ തന്നെയാണ് പോലീസിനോട് പറഞ്ഞത്.

നേരത്തെ താമരശേരിയിൽ എംഡിഎംഎ വിഴുങ്ങി യുവാവ് മരിച്ചിരുന്നു. ഷാനിദ് എന്ന യുവാവ് ആണ് മരണപ്പെട്ടത്. പോലീസിൽനിന്ന് രക്ഷപ്പെടാൻ രണ്ട് പാക്കറ്റ് എംഡിഎംഎ ഇയാൾ വിഴുങ്ങുകയായിരുന്നു. അമിത അളവിൽ മയക്കുമരുന്ന് ഉള്ളിൽച്ചെന്നാണ് ഇയാൾ മരിച്ചതെന്ന് ഡോക്ടർമാർ അറിയിച്ചിരുന്ന

## ജഡ്ജി യശ്വന്ത് വർമയുടെ വീട്ടിൽനിന്ന് പണം കണ്ടെത്തിയിട്ടില്ലെന്ന് ഫയർഫോഴ്സ് മേധാവി

ന്യൂഡൽഹി: ഡൽഹി ഹൈക്കോടതി ജഡ്ജി യശ്വന്ത് വർമയുടെ വീട്ടിൽനിന്ന് പണം കണ്ടെത്തിയിട്ടില്ലെന്ന് ഡൽഹി ഫയർഫോഴ്സ് മേധാവി. 15 മിനിറ്റിൽ ജഡ്ജിയുടെ വീട്ടിലെ തീ അണച്ചെന്നും ഫയർഫോഴ്സ് മേധാവി അതുൽ ഗാർഗ് അറിയിച്ചു.

വീട്ടിലെ സ്റ്റേഷനറി സാധനങ്ങൾക്കാണ് തീ പിടിച്ചതെന്നും അദ്ദേഹം പറഞ്ഞു. അതേസമയം ഔദ്യോഗിക വസതിയിൽ നിന്നും കണക്കിൽ പെടാത്ത പണം കണ്ടെത്തിയ സംഭവത്തിൽ ഡൽഹി ഹൈക്കോടതി ജഡ്ജി യശ്വന്ത് വർമയ്ക്കെതിരെ ആഭ്യന്തര അന്വേഷണം നടത്താൻ സുപ്രീം കോടതി തീരുമാനിച്ചു.

ഡൽഹി ഹൈക്കോടതി ചീഫ് ജസ്റ്റീസ് ഡി. കെ. ഉപാധ്യയോട് അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ ഹൈക്കോടതി നിർദേശം നൽകി. സുപ്രീം കോടതിയുടെ ഫുൾകോർട്ട് യോഗത്തിലാണ് തീരുമാനം എടുത്തത്.

ജഡ്ജി യശ്വന്ത് വർമയുടെ ഔദ്യോഗിക വസതിയിൽ ഉണ്ടായ തീപിടിത്തത്തെ തുടർന്ന് നടത്തിയ പരിശോധനയിൽ കണക്കിൽപ്പെടാത്ത കെട്ടുകണക്കിന് പണം കണ്ടെത്തിയതിനെ സംബന്ധിച്ച് സർക്കാരിൽനിന്ന് ലഭിച്ച വിവരം ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്ന ഇന്ന് ചേർന്ന സുപ്രീംകോടതി ഫുൾ കോർട്ട് യോഗത്തെ ധരിപ്പിച്ചിരുന്നു.

ജസ്റ്റീസ് യശ്വന്ത് വർമയെ അലഹാബാദ് ഹൈക്കോടതിയിലേക്ക് മടക്കിയയക്കാനുള്ള കൊളീജിയം തീരുമാനവും ചീഫ് ജസ്റ്റീസ് യോഗത്തെ അറിയിച്ചു. ഇതിന് പിന്നാലെയാണ് സംഭവത്തിൽ അന്വേഷണം നടത്താൻ സുപ്രീം കോടതി നിർദേശിച്ചത്.



# കേരളം അടിസ്ഥാന വികസന മേഖലയിൽ ഒരുപാട് ദൂരം മുന്നേറി: മന്ത്രി സജി ചെറിയാൻ

അടിസ്ഥാന വികസന മേഖലയിൽ സംസ്ഥാനം ഒരുപാട് മുന്നോട്ട് പോയിട്ടുണ്ടെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ. സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. കേരളം വലിയ രീതിയിൽ മാറുകയാണ്. അർദ്ധ വികസിത രാജ്യങ്ങളുടെ നിലവാരത്തിലേക്ക് അധികം വൈകാതെ കേരളമെത്തും. ആരോഗ്യം, പൊതു വിദ്യാഭ്യാസം, റോഡ്, ഉന്നത വിദ്യാഭ്യാസം തുടങ്ങി എല്ലാ മേഖലകളിലും വികസന പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും നടക്കുകയാണ്. ദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറുന്നത് ചരിത്രമാണെന്നും മന്ത്രി പറഞ്ഞു.

അത്യാധുനിക നിലവാരത്തിൽ നിർമ്മിക്കുന്ന നിലയ്ക്കാമുക്ക്, വക്കംമങ്കുഴി മത്സ്യ മാർക്കറ്റുകളുടെ നവീകരണ നിർമ്മാണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. മത്സ്യ മാർക്കറ്റുകളിൽ പണിയെടുക്കുന്ന പാവപ്പെട്ടവന് വരുമാനം വർധിപ്പിക്കുകയും ഗുണമേന്മയുള്ള ഗുണമേന്മയും ശുചിത്വവും ഉള്ള മത്സ്യം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയുമാണ് മാർക്കറ്റ് നവീകരണത്തിന് പിന്നിലെ പ്രധാന ലക്ഷ്യം. കേരളത്തിൽ ഏറ്റവുമധികം മത്സ്യമാർക്കറ്റുകൾ സർക്കാർ തലത്തിൽ ആധുനികവൽക്കരിച്ച മണ്ഡലമാണ് ആറ്റിങ്ങലെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വക്കംമങ്കുഴി മത്സ്യമാർക്കറ്റിൽ 391.31 ച. മീറ്റർ വിസ്തൃതിയിൽ നിർമിച്ച ഒരു നില കെട്ടിടത്തിൽ 18 മത്സ്യ വിൽപ്പന സ്റ്റാളുകളും എട്ട് കടമുറികളും രണ്ട് കോൾഡ് സ്റ്റോറേജ് മുറികളും മൂന്ന് ബുച്ചർ സ്റ്റാളുകൾ, പ്രിപ്പറേഷൻ മുറി, ഫ്രീസർ മുറി, സ്റ്റോർ, ശുചിമുറികൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലയ്ക്കാമുക്ക് മത്സ്യമാർക്കറ്റിൽ 439 ച. മീറ്റർ വിസ്തൃതിയിൽ നിർമിച്ച ഒരു നില കെട്ടിടത്തിൽ 15 മത്സ്യ വിൽപ്പന സ്റ്റാളുകൾ, 5 കടമുറികൾ, 3 ബുച്ചർ സ്റ്റാളുകൾ, പ്രിപ്പറേഷൻ മുറി, ഫ്രീസ്റ്റർ മുറി, ദിവസ കച്ചവടക്കാർക്കായുള്ള സ്ഥലം ശുചിമുറികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതു കൂടാതെ രണ്ട് വിപണന സ്റ്റാളുകളിലും സ്റ്റെയിൻലസ് സ്റ്റീൽ ഡിസ്സ്പ്ലേ ട്രോളികൾ, സിങ്കുകൾ, ഡ്രെയിനേജ് സംവിധാനം, മാൻഹോളുകൾ തുടങ്ങിയവയും സജ്ജമാക്കും. കൂടാതെ മാലിന്യ സംസ്കരണത്തിനായി എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സംവിധാനവും ഒരുക്കും. പൊതുജനങ്ങൾക്ക് സൗകര്യപ്രദമായി മത്സ്യം വാങ്ങാൻ കഴിയുന്ന വിധത്തിലാണ് മാർക്കറ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. വക്കം പഞ്ചായത്തിലെ മങ്കുഴി, നിലയ്ക്കാമുക്ക് എന്നിവിടങ്ങളിൽ ആധുനിക മത്സ്യ മാർക്കറ്റ് സ്ഥാപിക്കുന്നതിനായി കിഫ്ബി ഫണ്ടിൽ നിന്ന് യഥാക്രമം ഒരു കോടി 95 ലക്ഷം, ഒരു കോടി 55 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് മാർക്കറ്റുകൾ നിർമിച്ചത്.

# ക്യൂബയുമായുള്ള സഹകരണത്തിൽ ആരോഗ്യ ഗവേഷണ രംഗത്ത് വൻ മാറ്റം സാധ്യമാകും : മന്ത്രി വീണാ ജോർജ്

## ക്യൂബൻ ആരോഗ്യ വിദഗ്ധരുമായി മന്ത്രി ചർച്ച നടത്തി

ക്യൂബയുമായി സഹകരിച്ച് സംസ്ഥാനത്തെ ആരോഗ്യ രംഗത്തും ഗവേഷണ രംഗത്തും വലിയ മാറ്റം ഉണ്ടാകുന്നു. ക്യൂബൻ ഫസ്റ്റ് ഡെപ്യൂട്ടി ഹെൽത്ത് മിനിസ്റ്റർ ടാനിയെ മാർഗരിറ്റയുമായും ക്യൂബൻ ഡെലിഗേഷനുമായുള്ള ചർച്ചയിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പങ്കെടുത്തു. 2023 ജൂൺ മാസത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ക്യൂബൻ സന്ദർശനത്തിന്റെ തുടർച്ചയായി ആരോഗ്യ രംഗത്തെ നാല് മേഖലകളിൽ ക്യൂബയുടെ ഗവേഷണ രംഗവുമായി സഹകരിക്കാൻ കേരളം തീരുമാനിച്ചിട്ടുണ്ട്. ട്രിപ്പിൾ നെഗറ്റീവ് ബ്രസ്റ്റ് കാൻസർ വാക്സിൻ, ശ്വാസകോശ കാൻസർ വാക്സിൻ, പ്രമേഹ രോഗികളിലെ പാദങ്ങളിലെ വ്രണങ്ങൾക്കുള്ള ചികിത്സ (ഡയബറ്റിക് ഫൂട്ട്), ഡെങ്ക്യു വാക്സിൻ, അൽഷിമേഴ്സ് പോലുള്ള ന്യൂറോ സംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സ എന്നീ മേഖലകളിലാണ് ഗവേഷണ സഹകരണം നടക്കുന്നത്.ക്യൂബയുമായുള്ള സഹകരണത്തിൽ സംസ്ഥാനത്തെ ആരോഗ്യ രംഗത്ത് വൻ മാറ്റമുണ്ടാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. കേന്ദ്രത്തിന്റേയും ഐസിഎംആറിന്റേയും ഡിസിജിഐയുടേയും അനുമതിയോടെ ഗവേഷണ രംഗത്ത് ക്യൂബൻ സഹകരണം ഉറപ്പാക്കും. ക്യൂബയുമായി മുമ്പ് നടന്ന ചർച്ചകളുടേയും ഇന്നലെ നടന്ന ചർച്ചയുടേയും തുടർന്നുള്ള ചർച്ചകളുടേയും അടിസ്ഥാനത്തിൽ ഏപ്രിൽ മാസത്തോടെ ധാരണാ പത്രത്തിൽ ഒപ്പിടും.

കാൻസർ, ഡെങ്ക്യു എന്നിവയ്ക്കുള്ള വാക്സിൻ വികസനം, ഡയബറ്റിക് ഫൂട്ട്, അൽഷിമേഴ്സ് പോലുള്ള ന്യൂറോ സംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സ എന്നീ രംഗങ്ങളിൽ വലിയ പുരോഗതി കൈവരിക്കാനാകും.ക്യൂബൻ സാങ്കേതികവിദ്യയോടെ തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിലാണ് വാക്സിനുകൾ വികസിപ്പിക്കുന്നത്. മലബാർ കാൻസർ സെന്ററുമായി സഹകരിച്ച് കാൻസർ, തൃശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളുമായി സഹകരിച്ച് ഡയബറ്റിക് ഫൂട്ട്, തിരുവനന്തപുരം മെഡിക്കൽ കോളേജുമായി സഹകരിച്ച് അൽഷിമേഴ്സ് എന്നിവയിൽ ഗവേഷണം നടത്തും.

15 അംഗ ക്യൂബൻ സംഘത്തിൽ ക്യൂബൻ ഫസ്റ്റ് ഡെപ്യൂട്ടി ഹെൽത്ത് മിനിസ്റ്റർ ടാനിയെ മാർഗരിറ്റ, അംബാസഡർ ജുവാൻ കാർലോസ് മാർസൽ അഗ്യുലേര, ആരോഗ്യ മേഖലയിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ.എം. ഏബ്രഹാം, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രാജൻ എൻ. ഖോബ്രഗഡേ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടർ ഡോ. ഇ. ശ്രീകുമാർ, മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. ബി. സതീശൻ, മെഡിക്കൽ എജ്യുക്കേഷൻ ജോയിന്റ് ഡയറക്ടർ ഡോ. കെ. വി. വിശ്വനാഥൻ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ന്യൂറോളജി വിഭാഗം മേധാവി ഡോ. പി. ചിത്ര, തൃശൂർ മെഡിക്കൽ കോളേജ് ജനറൽ സർജറി അഡീഷണൽ പ്രൊഫസർ ഡോ. സി. രവീന്ദ്രൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

# റിക്കാർഡ് കുതിപ്പിന് സഡൻബ്രേക്കിട്ട് സ്വർണം; പവന് കുറഞ്ഞത് 320 രൂപ

കൊച്ചി: സംസ്ഥാനത്ത് റിക്കാർഡ് കുതിപ്പിന് സഡൻ ബ്രേക്കിട്ട് സ്വർണവില. ഗ്രാമിന് 40 രൂപയും പവന് 320 രൂപയുമാണ് കുറഞ്ഞത്. ഇതോടെ, ഗ്രാമിന് 8,270 രൂപയിലും പവന് 66,160 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 40 രൂപ കുറഞ്ഞ് 6,785 രൂപയിലെത്തി.

ചൊവ്വാഴ്ച പവന് 320 രൂപ വർധിച്ച് 66,000 രൂപയെന്ന പുതിയ നാഴികക്കല്ലിലെത്തിയതിനു പിന്നാലെ ബുധനാഴ്ചയും പവന് 320 രൂപ കൂടിയിരുന്നു. വ്യാഴാഴ്ച പവന് 66,480 രൂപയും ഗ്രാമിന് 8,310 രൂപയുമായി ചരിത്രത്തിലെ ഏറ്റവും കൂടിയ നിരക്കിലെത്തിയ ശേഷമാണ് ഇന്ന് താഴേക്കുപോയത്. കഴിഞ്ഞ മൂന്നു ദിവസത്തിനിടെ ഗ്രാമിന് 100 രൂപയും പവന് 800 രൂപയുമാണ് കൂടിയത്. ജനുവരി 22നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി.

ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു. ഈ മാസം ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും പിന്നിടുകയായിരുന്നു. ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. രാജ്യാന്തര സ്വർണവില ഔൺസിന് 3,058 ഡോളർ എന്ന സർവകാല റിക്കാർഡിൽ നിന്ന് 3,030 ഡോളറിലേക്ക് ഇടിഞ്ഞു. ഇന്നു ഡോളറിനെതിരെ 14 പൈസ മെച്ചപ്പെട്ട് 86.23ലാണ് രൂപ വ്യാപാരം തുടങ്ങിയത്.

# കരാർ നിയമനം

പൂജപ്പുര സർക്കാർ ആയുർവേദ കോളേജ്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ കരാർ അടിസ്ഥാനത്തിൽ സ്പീച് തെറാപിസ്റ്റ്, റെമഡിയൽ എഡ്യൂക്കേറ്റർ, സൈക്കോതെറാപ്പിസ്റ്റ് (സ്ത്രീകൾ മാത്രം) എന്നീ തസ്തികകളിൽ 28 ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും.ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗേജ് പാത്തോളജിയിൽ ബിരുദമാണ് സ്പീച്ച് തെറാപ്പിസ്റ്റ് തസ്തികയിലേക്കുള്ള യോഗ്യത. ഏർളി ചൈൽഡ്ഹുഡ് സ്പെഷ്യൽ എഡ്യൂക്കേഷനിൽ ഡിപ്ലോമ അല്ലെങ്കിൽ സ്പെഷ്യൽ എഡ്യൂക്കേഷൻ ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സിൽ അല്ലെങ്കിൽ ഹിയറിങ് ഇംപെയേർഡ് അല്ലെങ്കിൽ ഇന്റലക്ചൽ ഡിസെബിലിറ്റി എന്നിവയിൽ ഡി.എഡ് എന്നിവയാണ് റെമഡിയൽ എഡ്യൂക്കേറ്റർ തസ്തികയിലേക്കുള്ള യോഗ്യത. സൈക്കോളജിയിലോ അപ്ലൈഡ് സൈക്കോളജിയിലോ ക്ലിനിക്കൽ സൈക്കോളജിയിലോ എം.എസ്സിയാണ് സൈക്കോതെറാപ്പിസ്റ്റ് തസ്തികയിലേക്കുള്ള യോഗ്യത. തെറാപ്പിസ്റ്റ് തസ്തികയിൽ രാവിലെ 10 നും റെമഡിയൽ എഡ്യൂക്കേറ്റർ തസ്തികയിൽ 11 നും സൈക്കോതെറാപ്പിസ്റ്റ് തസ്തികയിൽ ഉച്ചയ്ക്ക് 12 നുമാണ് അഭിമുഖം.പ്രായപരിധി 18-36 (എസ്.സി/ എസ്.ടി മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് നിയമാനുസൃതമായ വയസിളവിന് അർഹതയുണ്ടായിരിക്കും). ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഹാജരാകണം.

# സെറ്റ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

2025 ഫെബ്രുവരി 2 ന് നടത്തിയ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിന്റെ (സെറ്റ്) ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാ ഫലം www.lbscentre.kerala.gov.in, www.prd.kerala.gov.in, www.kerala.gov.in വെബ്സൈറ്റുകളിൽ ലഭിക്കും. ആകെ 20,719 പേർ പരീക്ഷ എഴുതിയതിൽ 4,324 പേർ വിജയിച്ചു. 20.07 ആണ് വിജയ ശതമാനം. സെറ്റ് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം എൽ ബി എസ് സെന്ററിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് വിവിധ രേഖകൾക്കൊപ്പം ഡയറക്ടർ എൽ ബി എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, പാളയം, തിരുവനന്തപുരം-33 വിലാസത്തിൽ അയക്കണം. സെറ്റ് സർട്ടിഫിക്കറ്റുകൾ ജൂൺ മാസം മുതൽ വിതരണം ചെയ്യും. സെറ്റ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ഫോറം ഏപ്രിൽ ഒന്നു മുതൽ വെബ്സെറ്റിൽ ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക്: 0471 2560311, 312, 313, www.lbscentre.kerala.gov.in .

# പി.ജി ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് കോഴ്സിൽ പ്രവേശനത്തിന് അപേക്ഷിക്കാം

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ നടത്തി വരുന്ന രണ്ടു വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് കോഴ്സിലേക്ക് 2024-2025 വർഷത്തെ പ്രവേശനത്തിന് മാർച്ച് 24 മുതൽ ഏപ്രിൽ 24 വരെ അപേക്ഷിക്കാം. 50 ശതമാനം മാർക്കോടെ സയൻസ് വിഷയത്തിൽ ബി.എസ്.സി ബിരുദം അല്ലെങ്കിൽ ബി.എസ്.സി/ബി.എ സൈക്കോളജിയിലോ ബി.എസ്.സി ഹോം സയൻസിലോ ബിരുദം നേടിയ പെൺകുട്ടികൾക്ക് അപേക്ഷിക്കാം. എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് 45 ശതമാനം മാർക്ക് മതിയാകും. എസ്.സി/എസ്.ടി. വിഭാഗക്കാർക്ക് യോഗ്യതാ പരീക്ഷ പാസ്സായാൽ മതിയാകും. പ്രോസ്പെക്ടസ് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏപ്രിൽ 24 വരെ ഓൺലൈനിലൂടെയോ അല്ലെങ്കിൽ കേരളത്തിലെ എല്ലാ ഫെഡറൽ ബാങ്കിന്റെ ശാഖകൾ വഴി വെബ്സൈറ്റിലൂടെ ലഭിക്കുന്ന ചെല്ലാൻ ഫോ ഉപയോഗിച്ചോ അപേക്ഷാഫീസ് അടയ്ക്കാം. അപേക്ഷാ ഫീസ് പൊതു വിഭാഗത്തിന് 800 രൂപയും, എസ്.സി./എസ്.ടി വിഭാഗത്തിന് 400 രൂപയുമാണ്. തുടർന്ന് അപേക്ഷാ നമ്പർ, ചെല്ലാൻ നമ്പർ ഇവ ഉപയോഗിച്ച് ഓൺലൈനായി ഏപ്രിൽ 24 വരെ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0471-2560363, 64.

# പിണറായി ഭരണം സർ സിപിയുടെ ഭരണത്തെ ഓർമിപ്പിക്കുന്നു: സുധീരൻ

തിരുവനന്തപുരം: പിണറായി വിജയന്റെ ഭരണം സർ സിപിയുടെ ഭരണത്തെ ഓർമിപ്പിക്കുന്നതാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് വി. എം. സുധീരൻ. രാവിലെ സെക്രട്ടറിയേറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശാ പ്രവർത്തകരെ സന്ദർശിച്ച ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആശ പ്രവർത്തകരുടെ സമരത്തെ അവഗണിക്കുകയും സമയബന്ധിതമായി ചർച്ചയ്ക്ക് പോലും തയാറാകാത്ത സർക്കാർ നടപടി വളരെ തെറ്റായിപ്പോയി. ആശ പ്രവർത്തകരെ സമരത്തിലേക്കും നിരാഹാരസമരത്തിലേക്കും തള്ളിവിടുകയാണ് സർക്കാർ ചെയ്തത്.

സമരം ചെയ്യുന്നവരുമായി ചർച്ച നടത്തേണ്ട ധാർമിക ഉത്തരവാദിത്വവും കടമയും സർക്കാരിനുണ്ട്. ഇന്ന് ഭരണം കൈയാളുന്ന നേതാക്കളെല്ലാം നിരവധി സമര പോരാട്ടങ്ങൾ നടത്തിയിരുന്നവരായിരുന്നുവെന്ന കാര്യം മറക്കരുതെന്നും സുധീരൻ വ്യക്തമാക്കി.

# 990 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 990 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം മാർച്ച് 25ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്-1/80/2025ഫിൻ. തിയതി 20.03.2025) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.

# മാലിന്യസംസ്കരണം: മാതൃകാവീടുകൾക്കും സ്ഥാപനങ്ങൾക്കും തദ്ദേശഭരണ സ്ഥാപനതലത്തിൽ പുരസ്കാരം

മാലിന്യമുക്തം നവകേരളം പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും മാലിന്യ സംസ്കരണത്തിലെ മാതൃകാ വീടുകളും സ്ഥാപനങ്ങളും കണ്ടെത്തി പുരസ്കാരം നൽകുന്നു.മികച്ച വാർഡ്, സ്ഥാപനം, റെസിഡന്റ്സ് അസോസിയേഷൻ, ജനകീയ സംഘടന, വായനശാല, പൊതുഇടം, അയൽക്കൂട്ടം, ടൗൺ, വിദ്യാലയം തുടങ്ങിയവയ്ക്ക് വൃത്തിയുടേയും മാലിന്യസംസ്കരണ സംവിധാനങ്ങളുടേയും അടിസ്ഥാനത്തിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും. അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനമായ മാർച്ച് 30ന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടക്കുന്ന ശുചിത്വ പ്രഖ്യാപനവേളയിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും. വാർഡ് തലത്തിൽ നടക്കുന്ന ശുചിത്വ പ്രഖ്യാപന സദസ്സുകളോടനുബന്ധിച്ച് മികച്ച പ്രവർത്തനം നടത്തിയ വീടുകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ, ജനകീയ സംഘടനകൾ, പൊതു ഇടം എന്നിവ കണ്ടെത്തി അംഗീകാര പത്രം നൽകും. ഇതിന്റെ തുടർച്ചയായാണ് പഞ്ചായത്തുതലത്തിൽ പുരസ്കാരങ്ങൾ പ്രഖ്യാപിക്കുക. ശുചിത്വ പ്രഖ്യാപനത്തിന്റെ സ്മാരകമായി ഒരു സ്ഥലം കണ്ടെത്തി വേസ്റ്റ് ടു ആർട് വിഷയമാക്കി ഇൻസ്റ്റലേഷൻ സ്ഥാപിക്കാൻ നിർദേശിച്ചിട്ടുണ്ട്. വീടുകൾ, വാർഡുകൾ, സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് പുരസ്കാരങ്ങൾ നൽകാൻ സ്വീകരിക്കേണ്ട മാനദണ്ഡങ്ങളും സർക്കാർ പുറത്തിറക്കിയിട്ടുണ്ട്.

# ജൂനിയർ മാനേജർ അഭിമുഖം

പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റിൽ (സി.എഫ്.ആർ.ഡി) ജൂനിയർ മാനേജർ (അക്കൗണ്ട്സ്) തസ്തികയിലെ നിയമനത്തിന് മാർച്ച് 28ന് അഭിമുഖം നടത്തും. സി.എഫ്.ആർ.ഡി കാര്യാലയത്തിൽ രാവിലെ 11 മണിക്ക് നടക്കുന്ന അഭിമുഖത്തിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നേരിട്ട് ഹാജരാകണം. എം.കോമും ഒരു വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത.

# അസാപ് കേരളയിലൂടെ പൊതുമേഖലാസ്ഥാപനങ്ങളിൽ ഇന്റേൺഷിപ് അവസരം

കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസവകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയിലൂടെ കേരള അഗ്രോ മെഷിനറി കോർപറേഷൻ ലിമിറ്റഡിലേക്കും, തൊടുപുഴ മുനിസിപ്പാലിറ്റിയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്കും, പൊല്യൂഷൻ കൺട്രോൾ ബോർഡിലേക്കും ഇന്റേൺ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. മാർച്ച് 28ന് വൈകുന്നേരം 5ന് മുമ്പായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. യോഗ്യത, ഒഴിവുകൾ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും ലിങ്ക് സന്ദർശിക്കുക. കേരള അഗ്രോ മെഷിനറി കോർപറേഷൻ ലിമിറ്റഡ് : https://connect.asapkerala.gov.in/events/15109 . എൽ എസ് ജി ഡി - തൊടുപുഴ മുനിസിപ്പാലിറ്റി : https://connect.asapkerala.gov.in/events/15105 , പൊല്യൂഷൻ കൺട്രോൾ ബോർഡ് : https://connect.asapkerala.gov.in/events/14960 .

# കാക്കനാട് ജയിലിൽ ജാതി അധിക്ഷേപമെന്ന് പരാതി: ഫാർമസിസ്റ്റിന്റെ പരാതിയിൽ ഡോക്ടർക്കെതിരെ കേസ്

കൊച്ചി: എറണാകുളം ജില്ലാ ജയിലിലെ ഫാർമസിസ്റ്റിന്റെ പരാതിയിൽ ഡോക്ടർക്കെതിരെ ജാതി അധിക്ഷേപത്തിന് കേസ്.ഫാർമസിസ്റ്റ് വി. സി. ദീപയുടെ പരാതിയിൽ ഡോക്ടർ ബെൽനാ മാർഗ്രറ്റിനെതിരെയാണ് കേസെടുത്തത്. പുലയർക്ക് പാടത്ത് പണിക്ക് പോയാൽ പോരെ എന്ന് ആക്ഷേപിച്ചുവെന്നാണ് ദീപ പരാതിയിൽ ആരോപിക്കുന്നത്. വണ്ടിയിടിച്ച് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയെന്നും പ്രതി ഉപയോഗിച്ച ശുചിമുറി സ്ഥിരമായി കഴുകിച്ചു എന്നും പരാതിയിൽ പറയുന്നു. പരാതിയിൽ കേസെടുത്ത കൊച്ചി സിറ്റി പോലീസ്, ഡോക്ടർക്കെതിരെ അന്വേഷണം തുടങ്ങി. മുഖ്യമന്ത്രിക്കും ദീപ പരാതി നൽകിയിട്ടുണ്ട്.

# കരാർ നിയമനം

അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്‌വെയർ കേന്ദ്രത്തിന്റെ (ഐസിഫോസ്) ഗവേഷണ മേഖലകളായ ഓപ്പൺ ഹാർഡ്‌വെയർ, ഓപ്പൺ ഐ ഒ റ്റി എന്നിവയിലെ പ്രോജക്ടുകളിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. പ്രവൃത്തി പരിചയമുള്ള ബി.ടെക് / എം.ടെക് / ഐ.ടി.ഐ / വി.എച്ച്.എസ്.ഇ / ഡിപ്ലോമ / ബി.എസ്.സി / എം.എസ്.സി / എം.ബി.എ ബിരുദധാരികൾ മാർച്ച് 29 ന് ഐസിഫോസിൽ നടക്കുന്ന അഭിമുഖത്തിൽ സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പും ബയോഡാറ്റയുമായി പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾക്ക് : https://icfoss.in, 0471 2700012 / 13 / 14, 0471 2413013, 9400225962.

# മെഡിക്കൽ സ്ക്രീനിംഗ് ക്യാമ്പ് 23 ന്

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 'കുട്ടികളിലെ ശാരീരിക മാനസിക സ്വാഭാവ വൈകല്യങ്ങൾക്കുള്ള സൗജന്യ ആയുർവേദ ചികിൽസാ പദ്ധതി' ആയ 'സ്നേഹധാര' പദ്ധതിയുടെ മെഡിക്കൽ സ്ക്രീനിംഗ് ക്യാമ്പ് മാർച്ച് 23-ന് രാവിലെ 10.30 ന് സർക്കാർ ആയുർവേദ കോളേജ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൂജപ്പുരയിൽ വച്ച് നടത്തും. ഫോൺ: 0471 2350933. ഇ-മെയിൽ: avchwcpjp@gmail.com .

# റംസാൻ-വിഷു-ഈസ്റ്റർ ഫെയർ സംഘടിപ്പിക്കും

സംസ്ഥാനത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പ് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ റംസാൻ-വിഷു-ഈസ്റ്റർ ഫെയറുകൾ ആരംഭിക്കുമെന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ.അനിൽ അറിയിച്ചു. മാർച്ച് 25 മുതൽ 31 വരെ ഓരോ ജില്ലയിലും പ്രധാനപ്പെട്ട ഔട്ട് ലെറ്റുകൾ കേന്ദ്രമാക്കിയാണ് റംസാൻ ഫെയറുകൾ പ്രവർത്തിക്കുക. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പ്രത്യേകം ഫെയറുകൾ സംഘടിപ്പിക്കും. സബ്സിഡി/ നോൺ സബ്സിഡി സാധനങ്ങൾക്ക് പുറമെ ബിരിയാണി അരി, മസാലകൾ എന്നിവ പ്രത്യേക വിലക്കുറവിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിഷു-ഈസ്റ്റർ ഫെയറുകൾ ഏപ്രിൽ 10 മുതൽ 19 വരെ സംഘടിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു.

# ഖനനമേഖലയിലുള്ളവരുടെ അദാലത്ത്

ഖനനമേഖലയിലുള്ളവരുടെ അധിക/ അനധികൃത ഖനനത്തിനുള്ള അദാലത്തിന്റെ കാലാവധി മാർച്ച് 31 വരെ നീട്ടി. അദാലത്തിലേക്കുള്ള അപേക്ഷകൾ ജില്ലാ ഓഫീസുകളിൽ സമർപ്പിക്കണം. മാർച്ച് 31ന് ശേഷം സമർപ്പിക്കുന്ന അപേക്ഷകളുടെയും അധിക/ അനധികൃത ഖനനം കണ്ടെത്തുന്നവയുടെയും റോയൽറ്റിയും പിഴയും 2023 മാർച്ച് 31 ലെ ചട്ട ഭേദഗതിയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമായിരിക്കും.

# ആശാസമരം ഒത്തുതീർപ്പാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു: സതീശൻ

തിരുവനന്തപുരം: ആശമാരുടെ സമരം സഭയിൽ സബ്മിഷനായി ഉന്നയിച്ച് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. അവരുടെ സമരം ന്യായമാണെന്ന് സതീശൻ പറഞ്ഞു.

സമരം ഒത്തുതീർപ്പാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. വീണാ ജോർജ് കേന്ദ്ര ആരോഗ്യമന്ത്രിയെ കാണുമെന്നാണ് അറിഞ്ഞത്. എന്നാൽ നദ്ദയെ കാണാൻ പറ്റാത്തതിന് കാരണം പ്രതിപക്ഷത്തിന് അറിയില്ല. ചോദിച്ചിട്ട് അനുമതി കൊടുക്കാത്തതാണെങ്കിൽ അത് ശരിയായില്ല.

സമരത്തോട് സർക്കാരിന് പുച്ഛമാണ്. കേരളത്തിലാണ് ആശമാർക്ക് ജോലിഭാരം കൂടുതലുള്ളത്. തുടർച്ചയായി ചർച്ച നടത്തി പ്രശ്നം പരിഹരിക്കണമെന്നും സതീശൻ ആവശ്യപ്പെട്ടു.

# സമ്പർക്ക ക്ലാസ്

സ്കോൾ കേരള മുഖേന ആരംഭിച്ച ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീ സ്കൂൾ മാനേജ്മെന്റ് കോഴ്സിലെ (ഡി.സി.പി.എം) ആദ്യ ബാച്ചിന്റെ സമ്പർക്ക ക്ലാസ് മാർച്ച് 22 ന് അനുവദിച്ചിട്ടുള്ള അതത് ജില്ലകളിലെ പഠനകേന്ദ്രങ്ങളിൽ ആരംഭിക്കും.

# അവധി ദിനങ്ങളിലും പ്രവർത്തിക്കും

മദ്ധ്യവേനലവധി ക്ലാസുകളുടെ അഡ്മിഷൻ നടക്കുന്നതിനാൽ കേരള സ്റ്റേറ്റ് ജവഹർ ബാലഭവന്റെ ഓഫീസ് അവധി ദിവസങ്ങളായ മാർച്ച് 23, 30, 31 തീയതികളിലും പ്രവർത്തിക്കുമെന്ന് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

# മോഡിയെ വീണ്ടും പ്രകീർത്തിച്ച് തരൂർ

ന്യൂഡൽഹി: റഷ്യ-യുക്രെയ്ൻ യുദ്ധത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വീകരിച്ച സമീപനത്തെ പ്രകീർത്തിച്ച് മുതിർന്ന കോൺഗ്രസ് നേതാവും എംപിയുമായ ശശി തരൂർ.

യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഇന്ത്യയെടുത്ത നിഷ്പക്ഷ നിലപാടിനെ വിമർശിച്ചതിൽ ഖേദമുണ്ടെന്നും ആ നിലപാട് മൂലമാണു രാജ്യത്തിന് സമാധാനം ഉറപ്പിക്കാനുള്ള ശ്രമങ്ങൾ നടത്താൻ കഴിയുന്നതെന്നും തരൂർ ന്യൂഡൽഹിയിൽ നടന്ന 'റെയ്സീന ഡയലോഗി'ൽ പറഞ്ഞു. ഇന്ത്യയുടെ നയതന്ത്രപാടവത്തെ പുകഴ്ത്തിയ തരൂരിനെ പ്രശംസിച്ച് ബിജെപിയും രംഗത്തുവന്നതോടെ തരൂരിന്റെ പ്രസ്താവനകൾ വീണ്ടും രാഷ്ട്രീയരംഗത്ത് ചർച്ചയായി. റഷ്യ-യുക്രെയ്ൻ യുദ്ധം ആരംഭിച്ച 2022ൽ ഇന്ത്യയെടുത്ത നിലപാടുകളെ പാർലമെൻറിൽ വിമർശിച്ചതു താനാണെന്ന് കോൺഗ്രസ് പ്രവർത്തകസമിതി അംഗംകൂടിയായ തരൂർ പറഞ്ഞു. റഷ്യ യുക്രെയ്നെ ആക്രമിച്ചപ്പോൾ ഇന്ത്യയെടുത്ത നിലപാടിനെ അന്നു വിമർശിച്ചതിൽ ഞാനിന്നു ഖേദിക്കുകയാണ്.

യുദ്ധത്തിൽ ഇന്ത്യയുടെ നിഷ്പക്ഷ നിലപാടു മൂലമാണ് ആഴ്ചകളുടെ വ്യത്യാസത്തിൽ റഷ്യയിലെയും യുക്രെയ്നിലെയും പ്രധാനമന്ത്രിമാരെ ആശ്ലേഷിക്കാനും ഇരുരാജ്യത്തും സ്വീകരിക്കപ്പെടാനും കഴിയുന്ന പ്രധാനമന്ത്രിയായി മോദിക്കു മാറാൻ കഴിഞ്ഞത്.

യുദ്ധത്തിൽ ഐക്യരാഷ്ട്ര സംഘടനയുടെ നിയമങ്ങളുടെ ലംഘനമുണ്ടായിരുന്നുവെന്നും അതിനെതിരേ ഇന്ത്യ ശക്തമായ നിലപാട് എടുക്കാത്തതിനെ ചൂണ്ടിക്കാട്ടിയാണു താൻ വിമർശനമുന്നയിച്ചിരുന്നതെന്നും തരൂർ വ്യക്തമാക്കി.

തരൂരിന്റെ നിലപാട് മറ്റു കോൺഗ്രസ് നേതാക്കളും പിന്തുടരണമെന്ന് ബിജെപി എംപിയും മുൻ കേന്ദ്രമന്ത്രിയുമായ രവിശങ്കർ പ്രസാദ് പറഞ്ഞു. യുദ്ധത്തെക്കുറിച്ചു മുന്പ് നടത്തിയ പ്രസ്താവനകൾ തെറ്റാണെന്ന് അല്പം താമസിച്ചാണെങ്കിലും അദ്ദേഹത്തിനു മനസിലായെന്നും മോദിസർക്കാരിന്റെ തീരുമാനങ്ങൾ രാജ്യതാത്പര്യങ്ങൾക്ക് അനുസൃതമായാണെന്നും രവിശങ്കർ പറഞ്ഞു.

തരൂരിന്റെ പ്രസ്താവനയ്ക്ക് പിന്തുണയുമായി സിപിഎമ്മിന്റെ രാജ്യസഭാ എംപി ജോൺ ബ്രിട്ടാസ് രംഗത്തു വന്നു. തരൂർ കോൺഗ്രസിന്റെ വിലപിടിപ്പുള്ള നേതാവാണെന്നും പാശ്ചാത്യരാജ്യങ്ങളുടെ സമ്മർദത്തിന് ഇന്ത്യ വഴങ്ങരുതെന്ന് മുന്പ് പറഞ്ഞ ഇടതുപാർട്ടികളെയാണ് അദ്ദേഹം അഭിനന്ദിക്കേണ്ടതെന്നും ബ്രിട്ടാസ് പറഞ്ഞു.

# മീററ്റിൽ ഭാര്യയും കാമുകനും ചേർന്ന് മർച്ചൻറ് നേവി ഉദ്യോഗസ്ഥനെ വെട്ടിനുറുക്കി വീപ്പയിലാക്കി

മീററ്റ്: ഉത്തർപ്രദേശിലെ മീററ്റിൽ മർച്ചൻറ് നേവി ഉദ്യോഗസ്ഥനെ ഭാര്യയും കാമുകനും ചേർന്ന് വെട്ടിക്കൊലപ്പെടുത്തി മൃതദേഹം കഷണങ്ങളാക്കി വീപ്പയിൽ ഒളിപ്പിച്ചു.

കഴിഞ്ഞ നാലിനാണ് സൗരഭ് തിവാരി രാജ്പുട്ട് എന്ന മർച്ചൻറ് നേവി ഉദ്യോഗസ്ഥനെ ഭാര്യ മുസ്കാൻ റസ്തോഗിയും കാമുകൻ സാഹിൽ ശുക്ലയും ചേർന്നു കൊലപ്പെടുത്തിയത്. മൃതദേഹം 15 കഷണങ്ങളാക്കിയശേഷം വീപ്പയിൽ ഒളിപ്പിച്ച് സിമിൻറ് ഉപയോഗിച്ച് അടയ്ക്കുകയും ചെയ്തു.

മുസ്കാനും സാഹിലും ലഹരിക്ക് അടിമകളായിരുന്നുവെന്ന് മുസ്കാന്റെ കുടുംബം പറഞ്ഞു. ഇത് തടഞ്ഞതാകാം കൊലപാതകത്തിന് കാരണമെന്നാണ് സംശയം. മയക്കുമരുന്നില്ലാതെ തനിക്ക് ജീവിക്കാനാകില്ലെന്ന് മുസ്കാൻ പറഞ്ഞിരുന്നുവെന്നും കുടുംബാംഗങ്ങൾ വെളിപ്പെടുത്തി. മുസ്കാന് കടുത്ത ശിക്ഷ നൽകണമെന്നും അവരുടെ വീട്ടുകാർ പറഞ്ഞു.

സ്കൂളിൽ ഒന്നിച്ചുപഠിച്ചിരുന്ന മുസ്കാനും സാഹിലും 2019 മുതൽ സോഷ്യൽ മീഡിയ വഴി വീണ്ടും ഒന്നിക്കുകയായിരുന്നു. രണ്ടുവർഷം മുന്പ് സൗരഭ് ലണ്ടനിലേക്ക് പോയതോടെ സാഹിലിന്റെ നിർബന്ധത്തിനു വഴങ്ങി മുസ്കാൻ മയക്കുമരുന്ന് ഉപയോഗിക്കുകയായിരുന്നു.

മകളുടെ ജന്മദിനം ആഘോഷിക്കാനായി ഫെബ്രുവരി 24ന് സൗരഭ് വീട്ടിലെത്തിയപ്പോഴാണ് മുസ്കാനും സാഹിലും സൗരഭിനെ കൊലപ്പെടുത്താൻ പദ്ധതിയിട്ടത്. കഴിഞ്ഞ നാലിന് സൗരഭിന്റെ ഭക്ഷണത്തിൽ ഉറക്കഗുളികകൾ കലർത്തി നൽകി മയക്കിയശേഷം കൊലപ്പെടുത്തുകയായിരുന്നു.

# യുക്രെയ്ന്റെ ഊർജ സംവിധാനങ്ങൾ ആക്രമിക്കുന്നത് നിർത്താമെന്ന് പുടിൻ

മോസ്കോ: യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാൻ യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് റഷ്യൻ പ്രസിഡൻറ് പുടിനുമായി നടത്തിയ ഫോൺ ചർച്ച പേരിനുമാത്രം ഫലപ്രദം.

യുക്രെയ്നും യുഎസും സൗദിയിൽ സമ്മതിച്ച ഒരു മാസം നീളുന്ന വെടിനിർത്തൽ പദ്ധതി അംഗീകരിക്കാനാവില്ലെന്ന് പുടിൻ വ്യക്തമാക്കി. യുക്രെയ്ന്റെ ഊർജ സംവിധാനങ്ങളെ ലക്ഷ്യമിട്ട് റഷ്യ നടത്തുന്ന ആക്രമണങ്ങൾ നിർത്തിവയ്ക്കാം എന്നു മാത്രമാണ് പുടിൻ സമ്മതിച്ചത്. പാശ്ചാത്യശക്തികൾ യുക്രെയ്ന് ആയുധ സഹായവും ഇൻറലിജൻസ് വിവരങ്ങളും നല്കുന്നത് നിർത്തിവയ്ക്കാതെ വെടിനിർത്തൽ യാഥാർഥ്യമാകില്ലെന്ന് ട്രംപിനോട് പുടിൻ പറഞ്ഞു. സമാധാന ചർച്ചകൾ തുടരാൻ ഇരുവരും സമ്മതിച്ചു. സൗദിയിൽ ഞായറാഴ്ച ചർച്ചകൾ തുടരുമെന്ന് ട്രംപിന്റെ പശ്ചിമേഷ്യാ പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ് അറിയിച്ചു. ഊർജ സംവിധാനങ്ങളെ ആക്രമിക്കുന്നത് നിർത്താനുള്ള പുടിന്റെ നിർദേശത്തിൽ ചർച്ചയ്ക്കു തയാറാണെന്ന് യുക്രെയ്ൻ പ്രസിഡൻറ് സെലൻസ്കി പ്രതികരിച്ചു. ഇതുസംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പുടിനുമായുള്ള ചർച്ച ഫലപ്രദമായിരുന്നുവെന്ന് ട്രംപ് അറിയിച്ചു. സമാധാന കരാറിലെ ഘടകങ്ങൾ പുടിനുമായി ചർച്ച ചെയ്തുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ട്രംപിനെ ഒരു മണിക്കൂർ കാത്തിരുത്തി പുടിൻ

ട്രംപുമായുള്ള ഫോൺ ചർച്ചയ്ക്ക് പുടിനെത്തിയത് ഒരു മണിക്കൂർ വൈകി. മോസ്കോ സമയം ചൊവ്വാഴ്ച വൈകിട്ട് നാലിന് ചർച്ച ആരംഭിക്കാനായിരുന്നു തീരുമാനം. എന്നാൽ പുടിൻ ഈ സമയം മോസ്കോയിലെ ഇൻറർനാഷണൽ മ്യൂസിക് ഹാളിൽ ബിസിനസ് പ്രതിനിധികളുടെ യോഗത്തിൽ പങ്കെടുക്കുകയായിരുന്നു.

മുൻ ഡെപ്യൂട്ടി പ്രധാനമന്ത്രിയും ബിസിനസുകാരനുമായ അലക്സാണ്ടർ ഷോഗിൻ, ട്രംപുമായുള്ള ചർച്ചയ്ക്കു സമയമായില്ലേ എന്ന് പുടിനോട് ചോദിച്ചെങ്കിലും അദ്ദേഹം തിടുക്കം കാട്ടിയില്ല. അഞ്ചു മണിയോടെയാണ് പുടിൻ വേദി വിട്ടത്.

# സബ് സ്റ്റേഷനിലെ തീപിടിത്തം; ആയിരത്തിലധികം വിമാന സർവീസുകളെ ബാധിച്ചതായി റിപ്പോർട്ട്

ലണ്ടൻ: തീപിടിത്തമുണ്ടായതിനെ തുടർന്ന് ഹീത്രു വിമാനത്താവളം അടച്ചത് ആയിരത്തിലധികം വിമാന സർവീസുകളെ ബാധിച്ചുവെന്ന് വിലയിരുത്തൽ.

എയർഇന്ത്യയുടേത് ഉൾപ്പടെ 1,351 വിമാന സർവീസുകൾ റദ്ദാക്കുകയോ വഴി തിരിച്ചുവിടുകയോ ചെയ്തു. ലണ്ടനിലെ ഹെല്ലിംഗ്ടൺ ബറോയിലെ ഹെയ്സിലുള്ള നോർത്ത് ഹൈഡ് ഇലക്ട്രിക്കൽ സബ്സ്റ്റേഷനിലായിരുന്നു തീപിടിത്തമുണ്ടായത്.

അപകടത്തിന്റെ കാരണം വ്യക്തമായിട്ടില്ല. സബ്സ്റ്റേഷനിലെ തീപ്പിടിത്തത്തെത്തുടർന്ന് 16,000-ത്തിലധികം വീടുകളിൽ വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെടുകയും ചെയ്തു. 150-ലധികം ആളുകളെ ഒഴിപ്പിച്ചതായി ബ്രിട്ടീഷ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

വരും ദിവസങ്ങളിൽ കാര്യമായ തടസങ്ങൾ പ്രതീക്ഷിക്കുന്നതായി വിമാനത്താവള അധികൃതരെ ഉദ്ധരിച്ച് വാർത്താ ഏജൻസിയായ എഎഫ്പി റിപ്പോർട്ട് ചെയ്തു.

പ്രതിദിനം രണ്ട് ലക്ഷത്തോളം യാത്രികർ ആശ്രയിക്കുന്ന ലോകത്തെ ഏറ്റവും തിരക്കേറിയ വിമാനത്താവളങ്ങളിൽ ഒന്നാണ് ഹീത്രു.

# വീണാ ജോർജുമായി കൂടിക്കാഴ്ച നടത്തും; വ്യാഴാഴ്ച കാത്തിരുന്ന വിവരം അറിഞ്ഞില്ലെന്ന് ജെ. പി. നദ്ദ

ന്യൂഡൽഹി: ആരോഗ്യ മന്ത്രി വീണാ ജോർജുമായി അടുത്തയാഴ്ച കൂടിക്കാഴ്ച നടത്തുമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ. പി. നദ്ദ. തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ വീണയെ കാണുമെന്ന് മന്ത്രി പ്രതികരിച്ചു.

കേരളത്തിൽനിന്നുള്ള മാധ്യമപ്രവർത്തകരോടായിരുന്നു മന്ത്രിയുടെ പ്രതികരണം. വീണാ ജോർജ് വ്യാഴാഴ്ച തന്നെ കാത്തിരുന്ന വിവരം അറിഞ്ഞിരുന്നില്ലെന്നും നദ്ദ അറിയിച്ചു. ആശാ സമരം കെ. സി. വേണുഗോപാൽ ഇന്ന് പാർലമെൻറിൽ ഉന്നയിച്ചിരുന്നു. വീണാ ജോർജിന് നദ്ദയെ കാണാൻ അവസരം നിഷേധിച്ചെന്ന് പരാതി ഉയർന്നെന്ന കാര്യവും എംപി ചൂണ്ടിക്കാണിച്ചിരുന്നു. ഇതിന് പിന്നാലെയാണ് പാർലമെൻറിന് പുറത്തുവച്ച് മന്ത്രി മാധ്യമങ്ങളോട് സംസാരിച്ചത്. അതേസമയം യുഡിഎഫ് എംപിമാർ നദ്ദയെ ഇന്ന് ചേമ്പറിലെത്തി കാണും.

ഡൽഹി യാത്രാവിവാദത്തിൽ മാധ്യമങ്ങളെ പഴിച്ച് വീണാ ജോർജ് രാവിലെ രംഗത്തെത്തിയിരുന്നു. തന്നെ ക്രൂശിക്കാൻ ചില മാധ്യമങ്ങൾ ശ്രമിക്കുന്നെന്ന് അവർ പ്രതികരിച്ചു. വ്യാഴാഴ്ച തന്നെ കേന്ദ്ര ആരോഗ്യമന്ത്രിയെ കാണുമെന്ന് താൻ ആരോടും പറഞ്ഞിട്ടില്ല. അപ്പോയിൻമെൻറ് കിട്ടിയാൽ കാണും അല്ലെങ്കിൽ നിവേദനം നൽകി മടങ്ങുമെന്നാണ് താൻ പറഞ്ഞത്. മാധ്യമങ്ങൾ വ്യാജപ്രചാരണം നടത്തുകയാണെന്നും അവർ പറഞ്ഞു.

## വനിത മേട്രൻ തസ്തികയിൽ ഒഴിവ്

എൽ ബി എസ് ഐ ടി ഡബ്ല്യൂ എൻജിനിയറിങ് കോളേജ് പൂജപ്പുര ക്യാമ്പസിനുള്ളിൽ പ്രവർത്തിക്കുന്ന ലേഡീസ് ഹോസ്റ്റലിലേക്ക് കരാർ അടിസ്ഥാനത്തിൽ വനിത മേട്രനെ ആവശ്യമുണ്ട്. മിനിമം യോഗ്യത എസ്.എസ്.എൽ.സി ആണ്. മുൻപരിചയം ഉള്ളവർക്കു മുൻഗണന. താൽപര്യമുള്ളവർ മാർച്ച് 26ന് രാവിലെ 10ന് നടത്തുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിനായി അസൽ സർട്ടിഫിക്കറ്റുകളുമായി കോളേജിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 9447140446, 9048546474.

# പുലിയായി ദമ്പതികൾ; വളർത്തുനായയെ രക്ഷിക്കാൻ പുള്ളിപ്പുലിയെ കൊന്നു

രത്നഗിരി: വളർത്തുനായയെ രക്ഷിക്കാൻ മാനസികാരോഗ്യ വിദഗ്ധനും ഭാര്യയും പുള്ളിപ്പുലിയുമായി അരമണിക്കൂറോളം പോരാടി. മധ്യവയസ്കരായ ദന്പതികളുടെ ആക്രമണത്തിൽ ഒടുവിൽ പുലി ചത്തു.

മഹാരാഷ്ട്രയിലെ രത്നഗിരിയിൽ തൊണ്ടാലി വരേലി സ്വദേശിയായ ആശിഷ് മഹാജന്റെ (55) വീട്ടിലായിരുന്നു സംഭവം. വളർത്തുനായ അസാധാരണമായി കുരയ്ക്കുന്ന ശബ്ദം കേട്ട് വീടിനു പുറത്തിറങ്ങിയ ആശിഷ് മഹാജൻ വളർത്തുനായയെ ആക്രമിക്കുന്ന പുള്ളിപ്പുലിയെയാണു കണ്ടത്.

കൈയിലുണ്ടായിരുന്ന ഫ്ലാഷ് ലൈറ്റ് ഉപയോഗിച്ച് പുള്ളിപ്പുലിയെ ഓടിക്കാൻ ശ്രമിച്ച് ഫലം കാണാതെ വന്നപ്പോൾ ഭാര്യ കത്തിയുമായി എത്തി. തുടർന്നു കത്തിയുമായി ആശിഷ് പുള്ളിപ്പുലിയുടെ ദേഹത്തേക്ക് ചാടിവീണ് ആക്രമിക്കുകയായിരുന്നു.

രണ്ടു വയസ് പ്രായം വരുന്ന പെൺ പുള്ളിപ്പുലിയാണ് കൊല്ലപ്പെട്ടത്. നെഞ്ചിലും കാലിലും കഴുത്തിലും ആഴത്തിലേറ്റ മുറിവാണ് പുള്ളിപ്പുലിയുടെ ജീവൻ നഷ്ടമായതിന് കാരണമെന്നാണ് വിലയിരുത്തൽ.

വനംവകുപ്പ് അധികൃതരെത്തി സംഭവസ്ഥലം പരിശോധിച്ചു. വളർത്തുനായയുടെ ദയനീയമായ കരച്ചിലാണ് ഇത്തരമൊരു സാഹസത്തിലേക്ക് പ്രേരിപ്പിച്ചതെന്നാണ് ആശിഷ് മഹാജൻ പ്രാദേശിക മാധ്യമങ്ങളോട് പറഞ്ഞു.

പുള്ളിപ്പുലിയുടെ ആക്രമണത്തിൽ പരിക്കേറ്റ ഇയാൾ ആശുപത്രിയിൽ ചികിത്സയിലാണ്. പൂനെയിൽ മാനസികാരോഗ്യ വിദഗ്ധനായിരുന്ന ആശിഷ് മഹാജൻ വിരമിച്ചശേഷം രണ്ട് വർഷം മുൻപാണു രത്നഗിരിയിൽ താമസമാക്കിയത്.

# അടിക്ക് തിരിച്ചടി! റിക്കാർഡ് സെഞ്ചുറിയുമായി ഹസൻ നവാസ്; പാക്കിസ്ഥാന് തകർപ്പൻ ജയം

ഓക്‌ലൻഡ്: ന്യൂസിലൻഡിനെതിരായ മൂന്നാം ടന്‍റി-20 യിൽ പാക്കിസ്ഥാന് തകർപ്പൻ ജയം. ആദ്യം ബാറ്റ് ചെയ്ത കിവീസ് ഉയർത്തിയ 205 റൺസ് വിജയലക്ഷ്യം നാലോവർ ബാക്കിനില്ക്കെ ഒരു വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി സന്ദർശകർ മറികടന്നു. ഓപ്പണർ ഹസൻ നവാസിന്റെ റിക്കാർഡ് സെഞ്ചുറിയുടെ ബലത്തിലാണ് പാക്കിസ്ഥാൻ വിജയത്തിലെത്തിയത്. 45 പന്തിൽ 10 ബൗണ്ടറികളും ഏഴു സിക്സറുമുൾപ്പെടെ 105 റൺസുമായി ഹസൻ പുറത്താകാതെ നിന്നു. 44 പന്തിലാണ് താരം സെഞ്ചുറിയിലെത്തിയത്. ടന്‍റി-20 യിൽ ഒരു പാക് താരത്തിന്റെ ഏറ്റവും വേഗമേറിയ സെഞ്ചുറിയാണിത്.

31 പന്തിൽ ആറു ബൗണ്ടറികളും രണ്ടു സിക്സറുമുൾപ്പെടെ 51 റൺസെടുത്ത നായകൻ സൽമാൻ ആഘ മികച്ച പിന്തുണയുമായി പുറത്താകാതെ നിന്നു. 20 പന്തിൽ 41 റൺസെടുത്ത മുഹമ്മദ് ഹാരിസിന്റെ വിക്കറ്റ് മാത്രമാണ് സന്ദർശകർക്ക് നഷ്ടമായത്. ന്യൂസിലൻഡിനു വേണ്ടി ജേക്കബ് ഡഫി ഒരു വിക്കറ്റ് വീഴ്ത്തി.

നേരത്തെ, തകർപ്പൻ അർധസെഞ്ചുറി നേടിയ മാർക്ക് ചാപ്മാന്റെ കരുത്തിലാണ് കിവീസ് മികച്ച സ്കോറിലെത്തിയത്. 44 പന്തിൽ 11 ബൗണ്ടറികളും നാലു സിക്സറുമുൾപ്പെടെ 94 റൺസെടുത്ത ചാപ്മാനാണ് ടോപ് സ്കോറർ. അതേസമയം, ടിം സീഫെർട്ട് (ഒമ്പതു പന്തിൽ 19), ഡാരിൽ മിച്ചൽ (11 പന്തിൽ 17), നായകൻ മൈക്കൽ ബ്രേസ്വെൽ (18 പന്തിൽ 31), ഇഷ് സോധി (10) എന്നിവർക്ക് മാത്രമേ രണ്ടക്കം കടക്കാനായുള്ളൂ. പാക്കിസ്ഥാനു വേണ്ടി ഹാരിസ് റൗഫ് 29 റൺസ് വഴങ്ങി മൂന്നുവിക്കറ്റ് വീഴ്ത്തിയപ്പോൾ ഷഹീൻഷാ അഫ്രീദി, അബ്രാർ അഹമ്മദ്, അബ്ബാസ് അഫ്രീദി എന്നിവർ രണ്ടുവിക്കറ്റ് വീതവും ഷദബ് ഖാൻ ഒരു വിക്കറ്റും വീഴ്ത്തി.

# ജസ്റ്റീസ് യശ്വന്ത് വർമയുടെ വസതിയിൽ നിന്നും പണം കണ്ടെടുത്ത സംഭവം; ഞെട്ടിച്ചുവെന്ന് ഡൽഹി ഹൈക്കോടതി ചീഫ് ജസ്റ്റീസ്

ന്യൂഡൽഹി: ജസ്റ്റീസ് യശ്വന്ത് വർമയുടെ ഔദ്യോഗിക വസതിയിൽ നിന്ന് വൻതോതിൽ പണം കണ്ടെടുത്ത സംഭവം ഞെട്ടിച്ചുവെന്ന് ഡൽഹി ഹൈക്കോടതി ചീഫ് ജസ്റ്റീസ് ഡി. കെ. ഉപാധ്യായ. മുതിർന്ന അഭിഭാഷകൻ അരുൺ ഭരദ്വാജ് കോടതിയിൽ ഈ വിഷയം പരാമർശിച്ചതിനോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

'ഇന്നത്തെ സംഭവം നമ്മളിൽ പലരെയും വേദനിപ്പിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനും നീതിന്യായ വ്യവസ്ഥ നിലനിർത്താനും ഭരണപരമായ ചില നടപടികൾ സ്വീകരിക്കണം.' ജസ്റ്റീസ് ഭരദ്വാജ് പറഞ്ഞു.

'നമ്മൾ നമ്മുടെ വ്യവസ്ഥിതിയെ വളരെയധികം ബഹുമാനിക്കുന്നുണ്ട്. ഓരോ ജഡ്ജിമാരെയും വളരെയധികം ബഹുമാനിക്കുന്നു. ഇതറിഞ്ഞ് ഞങ്ങൾ ഞെട്ടിപ്പോയി, ആത്മവീര്യം തകർന്നിരിക്കുന്നു. ദയവായി നടപടികൾ സ്വീകരിക്കുക. എന്റെ വേദന ഇനി ഞാൻ പ്രകടിപ്പിക്കുന്നില്ല, എന്റെ പല സഹോദരങ്ങളുടെയും വേദനയാണ് ഞാൻ പ്രകടിപ്പിക്കുന്നതെന്ന് എനിക്ക് ഉറപ്പുണ്ട്.

അത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ദയവായി നടപടികൾ സ്വീകരിക്കുക. - അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം, സ്പ്രീം കോടതി ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്നയുടെ നേതൃത്വത്തിലുള്ള സുപ്രീംകോടതി കൊളീജിയത്തിന്റെ തീരുമാനപ്രകാരം ഡൽഹി ഹൈക്കോടതി ജഡ്ജി യശ്വന്ത് വർമയെ അലഹബാദ് ഹൈക്കോടതിയിലേക്ക് തിരികെ സ്ഥലം മാറ്റുമെന്നാണ് റിപ്പോർട്ട്.

സ്ഥലംമാറ്റത്തിന് പുറമേ, അദ്ദേഹത്തിനെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് കൊളീജിയം അംഗങ്ങളിൽ ചിലർ ആവശ്യപ്പെട്ടതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

# ഡൽഹിയിൽ അമിത് ഷായെ കണ്ട് ബംഗാൾ ഗവർണർ; കൂടിക്കാഴ്ച അതിർത്തിഗ്രാമങ്ങൾ സന്ദർശിച്ച ശേഷം

കോൽക്കത്ത: കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുമായി ഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയ പശ്ചിമബംഗാൾ ഗവർണർ ഡോ. സി. വി. ആനന്ദബോസ്. ബംഗ്ലാദേശ്, ഭൂട്ടാൻ, നേപ്പാൾ എന്നീ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന ബംഗാളിന്റെ തന്ത്രപ്രധാനമായ ഗ്രാമങ്ങൾ സന്ദർശിച്ച ശേഷമാണ് ആഭ്യന്തരമന്ത്രിയുമായുള്ള കൂടിക്കാഴ്ച.

മയക്കുമരുന്ന്, ആയുധങ്ങൾ, വ്യാജ കറൻസി, വന്യജീവി ഉൽപ്പന്നങ്ങൾ എന്നിവയുടെ കള്ളക്കടത്തും മനുഷ്യക്കടത്തും തീവ്രവാദപ്രവർത്തനങ്ങളും തടയുന്നതിന് അതിർത്തിഗ്രാമങ്ങളിൽ സായുധസേന, സർക്കാർ സംവിധാനങ്ങൾ, സാമൂഹിക സംഘടനകൾ എന്നിവ നടത്തുന്ന പ്രവർത്തനങ്ങളും ജനക്ഷേമപദ്ധതികളും നിരീക്ഷിക്കുകയായിരുന്നു ഗവർണറുടെ പ്രധാന സന്ദർശനോദ്ദേശ്യം. ഒപ്പം കേന്ദ്രസർക്കാർ പദ്ധതികളെക്കുറിച്ചുള്ള അവബോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും സന്ദർശനം പ്രയോജനപ്പെടുത്തി.

ജനുവരി ആദ്യവാരം നോർത്ത് 24 പർഗാനാസ് ജില്ലയിൽ സുന്ദർബൻ മേഖലയിലെ ബാങ്കയും രണ്ടാം വാരം പൂർബ ബർദ്ധമാനിൽ ഔസ്ഗ്രാമിലെ സഖഡംഗ എന്ന ഗോത്ര പ്രദേശവും ഡോ ആനന്ദബോസ് സന്ദർശിച്ചു. നേപ്പാൾ, ഭൂട്ടാൻ അതിർത്തിമേഖലകളിലായിരുന്നു മാർച്ച് ആദ്യവാരത്തിലെ പര്യടനം.

ബിഎസ്എഫിന്റെ ഫ്ലോട്ടിംഗ് ബോർഡർ ഔട്ട്പോസ്റ്റുകൾ, ഭൂട്ടാൻ അതിർത്തിയിൽ അലിയ്പുർദ്വാർ ജില്ലയിലെ ടോട്ടോപാരാ ആദിവാസി ഗ്രാമം, കിഴക്കൻ നേപ്പാളിലേക്കുള്ള പ്രവേശന കവാടമായ പാണിടാങ്കി ഔട്ട്പോസ്റ്റിന് കീഴിലെ പഴയ മേച്ചി പാലം, ചെക്ക്പോസ്റ്റ്, ഗോർസിംഗ് ബസ്ടി അതിർത്തി ഔട്ട്പോസ്റ്റ്, സശസ്ത്ര സീമാ ബലിന്റെ സിലിഗുരി ഫ്രണ്ടിയർ ബറ്റാലിയന്റെ പ്രവർത്തനമേഖല, ഝാഡ്ഗ്രാം ജില്ലയിൽ ഗോവിന്ദപുരിലെ ഗോത്രവർഗപ്രദേശം എന്നിവ നിരീക്ഷിച്ച ഗവർണർ സേനാമേധാവികൾ, ഗ്രാമവാസികൾ, ജനപ്രതിനിധികൾ, വിദ്യാർഥികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി കൂടിക്കാഴ്ച നടത്തി നിർണായക വിവരങ്ങൾ ശേഖരിച്ചു.

സിലിഗുരി ഇടനാഴിയിൽ സശസ്ത്ര സീമാ ബലിന്റെ നേതൃത്വത്തിൽ നടക്കുന്ന സുരക്ഷാ- ജാഗ്രതാ പ്രവർത്തനങ്ങളും ഗവർണർ വിലയിരുത്തി. അതിർത്തി ഗ്രാമസമ്പർക്ക പരിപാടികളുടെ പുരോഗതിയും ഫലങ്ങളും നിരീക്ഷിക്കുന്നതിനായി രാജ്ഭവനിൽ ഒരു 'അമർ ഗ്രാം ആക്ടിവിറ്റീസ് മോണിറ്ററിംഗ് സെൽ' സ്ഥാപിച്ചിട്ടുണ്ട്.

# ഇലക്ട്രിക്കൽ സബ് സ്റ്റേഷനിൽ തീപിടിത്തം; ഹീത്രൂ വിമാനത്താവളം അടച്ചു

ലണ്ടൻ: വിമാനത്താവളത്തിലേക്ക് വൈദ്യുതി എത്തിക്കുന്ന ഇലക്ട്രിക്കൽ സബ് സ്റ്റേഷനിൽ തീപിടുത്തമുണ്ടായതിനെ തുടർന്ന് ലണ്ടനിലെ ഹീത്രു വിമാനത്താവളത്തിൽ വൈദ്യുതി തടസം. ഹീത്രൂ വിമാനത്താവളം ഇന്ന് അർധരാത്രി വരെ അടച്ചിടും.വിമാനത്താവള അധികൃതർ ഔദ്യോഗിക സോഷ്യൽ മീഡിയ അക്കൗണ്ടിൽ ഇക്കാര്യം പോസ്റ്റ് ചെയ്തിട്ടുണ്ട്. ഇന്ന് ഹീത്രൂ വഴി യാത്രകൾക്ക് പദ്ധതിയുള്ളവർ യാത്ര ചെയ്യരുതെന്നും അവരവർ യാത്ര ചെയ്യുന്ന വിമാനക്കമ്പനികളുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ തേടണമെന്നും അറിയിപ്പിൽ പറയുന്നു.യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷ ഉറപ്പാക്കാനായി മാർച്ച് 21ന് രാത്രി 11.59 വരെ വിമാനത്താവളം അടച്ചിടുമെന്നും അറിയിച്ചിട്ടുണ്ട്. യാത്രക്കാർക്ക് നേരിട്ട ബുദ്ധിമുട്ടിൽ അധികൃതർ ഖേദം പ്രകടിപ്പിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കൈതപ്രം വെടിവയ്പ്പ്; കൊലപാതക കാരണം രാധാകൃഷ്ണന്റെ ഭാര്യയും സന്തോഷും തമ്മിലുള്ള സൗഹൃദം അവസാനിച്ചത്

കണ്ണൂർ: കൈതപ്രത്ത് ഓട്ടോ ഡ്രൈവറെ വെടിവച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. കൊല്ലപ്പെട്ട രാധാകൃഷ്ണന്റെ ഭാര്യയുമായുള്ള സന്തോഷിന്റെ സൗഹൃദം തകർന്നതാണ് കൊലപാതക കാരണമെന്നാണ് എഫ്ഐആർ.

കേസിലെ പ്രതിയായ സന്തോഷും രാധാകൃഷ്ണന്റെ ഭാര്യയും സഹപാഠികളായിരുന്നു. കുടുംബപ്രശ്നങ്ങൾ മൂലം രാധാകൃഷ്ണന്റെ ഭാര്യയും സന്തോഷും തമ്മിലെ സൗഹൃദം മുറിഞ്ഞത് കൊലപാതകത്തിലേക്ക് നയിച്ചുവെന്നാണ് പോലീസിന്റെ കണ്ടെത്തൽ.

മരിച്ച രാധാകൃഷ്ണൻ ബിജെപിയുടെ സജീവ പ്രവർത്തകനാണ്. ഇയാളുടെ ഭാര്യ ബിജെപിയുടെ ജില്ലാ കമ്മിറ്റിയംഗമാണ്. കൊലയാളിയായ സന്തോഷ് അവിവാഹിതനാണ്. രാധാകൃഷ്ണനും ഭാര്യയ്ക്കും രണ്ട് മക്കളുണ്ട്.

വ്യാഴാഴ്ച വൈകിട്ട് ആറരയോടെയാണ് രാധാകൃഷ്ണനെ സന്തോഷ് കൊലപ്പെടുത്തിയത്. നിർമാണത്തിലിരിക്കുന്ന വീട്ടിൽ രാധാകൃഷ്ണൻ പതിവായെത്തുന്ന നേരം നോക്കി സന്തോഷ് അങ്ങോട്ടേക്ക് തോക്കുമായി എത്തിയെന്നാണ് നിഗമനം.

തോക്ക് സമീപത്തെ കിണറ്റിൽ ഉപേക്ഷിച്ചതാവാൻ സാധ്യതയുള്ളതിനാൽ അവിടെ ഇന്ന് തിരച്ചിൽ നടത്തും. രാധാകൃഷ്ണന്റെ പോസ്റ്റ്മോർട്ടം ഇന്ന് പരിയാരം ഗവൺമെൻറ് മെഡിക്കൽ കോളജ് ആശുപത്രിയിൽ നടക്കും.

സന്തോഷിനെ പോലീസ് അറസ്റ്റ് ചെയ്തു. ഇന്നലെ മദ്യലഹരിയിലായിരുന്ന പ്രതിയെ സ്വബോധത്തിൽ ചോദ്യം ചെയ്തതിൽ നിന്നാണ് കൊലപാതകത്തിന്റെ കാരണം കണ്ടെത്തിയത്.



ജെ സി ഡാനിയലിന്റെ വെങ്കല പ്രതിമ നിർമ്മാണോദ്ഘാടനം ശ്രീ തിയേറ്ററിൽ പ്രതിമയുടെ മിനിയേച്ചർ രൂപം അനാച്ഛാദനം ചെയ്ത് മന്ത്രി സജി ചെറിയാൻ നിർവഹിക്കുന്നു

# വ്യാഴാഴ്ച കേന്ദ്ര ആരോഗ്യമന്ത്രിയെ കാണുമെന്ന് ആരോടും പറഞ്ഞിട്ടില്ല: വീണാ ജോർജ്

# സമരക്കാർക്ക് പിടിവാശിയെന്ന് മന്ത്രി രാജേഷ്; നിയമസഭയിൽ ബഹളം; പ്രതിപക്ഷം ഇറങ്ങിപ്പോയി

തിരുവനന്തപുരം: സമരക്കാരുടെ പിടിവാശി കാരണമാണ് ആശാസമരത്തിന് പരിഹാരമുണ്ടാവത്തതെന്ന് മന്ത്രി എം. ബി. രാജേഷ്. ആശമാരോട് സർക്കാരിന് അനുഭാവപൂർവമായ സമീപനമാണെന്ന് മന്ത്രി സഭയിൽ പറഞ്ഞു.

പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് സഭയിൽ മറുപടി പറയുകയായിരുന്നു മന്ത്രി. സമരക്കാർക്ക് നിർബന്ധബുദ്ധിയാണ്. ചർച്ച പരാജയപ്പെടാൻ കാരണം സമരക്കാരുടെ ശാഠ്യമാണ്.

കേന്ദ്രസർക്കാരിനെ സഹായിക്കുന്ന സമരമാണ് നടക്കുന്നത്. സമരക്കാർ ശാഠ്യം പിടിച്ചതുകൊണ്ടാണ് പ്രതിപക്ഷം ആഗ്രഹിച്ചത് പോലെ സമരം തീരാതിരുന്നത്. കേരളത്തിൽ നിന്ന് വിവരം ശേഖരിക്കാതെയാണ് കേന്ദ്രം പാർലമെൻറിൽ മറുപടി നൽകിയത്. 6000 രൂപയാണ് ഓണറേറിയം എന്നാണ് കേന്ദ്രം പാർലമെൻറിനെ അറിയിച്ചത്. ഇതിലൊക്കെ രാഷ്ട്രീയം ഉണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്നും മന്ത്രി പറഞ്ഞു.

അതേസമയം സമരത്തെ പുച്ഛിക്കാനും സമരത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം നോക്കാനുമാണ് മന്ത്രി ശ്രമിച്ചതെന്ന് സതീശൻ വിമർശിച്ചു. മന്ത്രി ഭാഷ മാറ്റിയെങ്കിലും സമരത്തെ തള്ളിപ്പറയുക തന്നെയാണ് ചെയ്തതെന്നും സതീശൻ കുറ്റപ്പെടുത്തി. ആശമാരുടെ സമരത്തെ മന്ത്രി തള്ളി പറഞ്ഞതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി

# കേരളത്തിനെ നവീകരിക്കുന്നതിൽ മലയാള സിനിമയും ജെ.സി. ഡാനിയലും പങ്കുവഹിച്ചു : മന്ത്രി സജി ചെറിയാൻ

കേരള സമൂഹത്തെ ആധുനിക സമൂഹമായി നവീകരിക്കുന്നതിൽ മലയാള സിനിമയും ജെ.സി. ഡാനിയലും പങ്കുവഹിച്ചിട്ടുണ്ടെന്നു സാംസ്കാരിക, യുവജനകാര്യ മന്ത്രി സജി ചെറിയാൻ പറഞ്ഞു. ലോകത്തുടനീളം മലയാള സിനിമ ശ്രദ്ധിക്കപ്പെടുന്ന ഇക്കാലത്ത് മലയാള സിനിമയുടെ പിതാവായ ജെ സി ഡാനിയലിന് ആദരവ് നൽക്കേണ്ടത് അനിവാര്യമായ ഉത്തരവാദിത്തമാണ്. യാഥാസ്ഥിതിക കുടുംബ പശ്ചാത്തലത്തിൽ നിന്നും എതിർപ്പുകളെ അവഗണിച്ച് സിനിമ നിർമ്മിക്കാനായി ഇറങ്ങിപ്പുറപ്പെട്ട ജെ.സി. ഡാനിയലും അദ്ദേഹത്തിന്റെ 'വിഗതകുമാരൻ' എന്ന സിനിമയിലെ നായിക പി. കെ. റോസിയും അന്നത്തെ സമൂഹത്തിൽ നിന്ന് കടുത്ത വെല്ലുവിളികൾ നേരിട്ടിട്ടുണ്ട്. ജെ.സി. ഡാനിയലിന്റെ പ്രവർത്തനങ്ങളെ ചരിത്രത്തിൽ രേഖപ്പെടുത്തുന്നതിലൂടെ ആ കാലത്തെ സാമൂഹിക അന്തരീക്ഷം ഇന്നത്തെ തലമുറയെ പരിചയപ്പെടുത്തുക കൂടിയാണ് ചെയ്യുന്നത്. ജെ സി ഡാനിയലിന്റെ വെങ്കല പ്രതിമയുടെ നിർമ്മാണ ഉദ്ഘാടനം ശ്രീ തിയേറ്ററിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിലെ ആധുനിക സമൂഹത്തോടൊപ്പം ആധുനിക രീതിയിലേക്ക് സിനിമയും മാറുകയാണ്. മറ്റു കലകളിൽ നിന്ന് വ്യത്യസ്തമാണ് സിനിമ. അതുകൊണ്ടുതന്നെ സിനിമ മേഖലയെ സമൂലമായ പരിവർത്തനം ചെയ്യേണ്ട ഉത്തരവാദിത്വം സർക്കാരിനുമുണ്ട്. നമ്മുടെ സമൂഹത്തിലെ എല്ലാ മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് സിനിമ മേഖല രൂപപ്പെടുത്തേണ്ടതുണ്ടെന്നും വർത്തമാനകാല പ്രശ്നങ്ങളെ സിനിമ സംബോധന ചെയ്യണമെന്നും മന്ത്രി പറഞ്ഞു.

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ഫലമായി മദ്രാസിനെ ആശ്രയിച്ചിരുന്ന മലയാള സിനിമയെ കേരളത്തിലേക്ക് പറിച്ചുനടാൻ സാധിച്ചു. അതിനുശേഷം അഭിമാനകരമായ ഒരുപാട് സിനിമകൾ കെ എസ് എഫ് ഡി സിയുടെയും ചിത്രാഞ്ജലി സ്റ്റുഡിയോയുടെയും സാങ്കേതിക സഹായത്തോടുകൂടി നിർമിക്കാൻ കഴിഞ്ഞത് നേട്ടമാണ്. ഈ വർഷം രൂപീകരണത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുന്ന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ചിത്രാഞ്ജലി സ്റ്റുഡിയോ ക്യാമ്പസിൽ ജെ സി ഡാനിയലിന്റെ പൂർണ്ണകായ വെങ്കല പ്രതിമ സ്ഥാപിക്കുന്നത് മലയാള സിനിമയുടെ ചരിത്ര മുഹൂർത്തമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

മലയാള സിനിമയ്ക്ക് നൽകാവുന്ന ഏറ്റവും കരുത്തുറ്റ ഓർമ്മപ്പെടുത്തലാണ് ജെ.സി. ഡാനിയലിന്റെ പ്രതിമ എന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ പറഞ്ഞു. കലയ്ക്കുവേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവയ്ക്കുകയും വിപ്ലവശബ്ദം ഉയർത്തുകയും ചെയ്ത വ്യക്തിത്വമാണ് അദ്ദേഹമെന്നും ഡോ. ദിവ്യ അനുസ്മരിച്ചു.

ചടങ്ങിൽ ജെ.സി. ഡാനിയലിന്റെ മകൻ ഹാരിസ് ഡാനിയൽ, ശിൽപ്പി കുന്നുവിള എം മുരളി എന്നിവരെ മന്ത്രി ആദരിച്ചു.

കെഎസ്എഫ്ഡിസി ചെയർമാൻ ഷാജി എൻ. കരുൺ, കേരള ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർമാൻ മധുപാൽ കെ., കെഎസ്എഫ്ഡിസി മാനേജിംഗ് ഡയറക്ടർ പ്രിയദർശനൻ പി. എസ്., ഭരണസമിതി അംഗങ്ങളായ ഷാജി കൈലാസ്, പി. സുകുമാർ, ജിത്തു കോളയാട്, ഇർഷാദ് അലി, ഷെറിൻ ഗോവിന്ദൻ, ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ് തുടങ്ങിയവർ പങ്കെടുത്തു.

പത്തടി ഉയരമുള്ള വെങ്കല പ്രതിമയാണ് ശില്പി കുന്നുവിള എം മുരളി രൂപകൽപ്പന ചെയ്യുന്നത്. ഏഴര അടി ഉയരത്തിലെ പീഠത്തിലാണ് പ്രതിമ സ്ഥാപിക്കുക. 50 ലക്ഷം രൂപയാണ് നിർമ്മാണ ചെലവ്.

# യുവാവിനെ ക്രൂരമായി അക്രമിച്ച് കാപ്പാ കേസ് പ്രതിയുടെ അതിക്രമം; ദൃശ്യങ്ങൾ വാട്സ്ആപ്പ് സ്റ്റാറ്റസാക്കി

കൊച്ചി: യുവാവിനെ ക്രൂരമായി അക്രമിച്ച് കാപ്പാ കേസ് പ്രതിയുടെ അതിക്രമം. കഴിഞ്ഞ ദിവസം അറസ്റ്റിലായ ശ്രീരാജാണ് തൃക്കാക്കര സ്വദേശിയായ യുവാവിനെ ക്രൂരമായി മർദിച്ചത്.

ഒരാഴ്ച മുൻപാണ് സംഭവം. വീട്ടിൽ ഉറങ്ങിക്കിടന്ന യുവാവിനെ കത്തിയുമായെത്തിയാണ് അതിക്രമിച്ചത്. പണി സിനിമയിലെ ദൃശ്യങ്ങൾ അനുകരിച്ചതാണെന്നാണ് പ്രതി പൊലീസിന് മൊഴി നൽകിയിരിക്കുന്നത്.

ശ്രീരാജ് പ്രദേശത്തെ കുപ്രസിദ്ധനായ ഗുണ്ടയും കാപ്പാ കേസ് പ്രതിയുമാണ്. ഉറങ്ങിക്കിടന്ന യുവാവിനെ ഇയാൾ കത്തികാട്ടി ഭീഷണിപെടുത്തുകയും വീടിന് പുറത്തെത്തിച്ച് മർദ്ദിക്കുകയും ഇരുമ്പ് ദണ്ഡുപയോഗിച്ച് കാലുതല്ലിയൊടിക്കുകയും ചെയ്തു.

അക്രമശേഷം ഈ ദൃശ്യങ്ങൾ ഫോണിൽ പകർത്തി ആക്രമിക്കപ്പെട്ടയാളുടെ വാട്സ്ആപ്പ് സ്റ്റാറ്റസാക്കുകയും ചെയ്തു.

തനിക്ക് അടുപ്പം തോന്നിയ പെൺകുട്ടിയുമായി യുവാവ് സംസാരിക്കുന്നത് കണ്ടതാണ് പ്രതിയെ പ്രകോപിപ്പിച്ചത്. ഇയാളെ പിടികൂടി ചോദ്യം ചെയ്തപ്പോഴാണ് സിനിമയിലെ ദൃശ്യങ്ങൾ അനുകരിച്ചതാണെന്ന് പോലീസിന് മൊഴി നൽകിയത്.

അടുത്തിടെ പുറത്തിറങ്ങിയ 'പണി' എന്ന സിനിമയിലെ ഡേവി എന്ന കഥാപാത്രത്തെ വില്ലൻ കൊലപ്പെടുത്തുന്ന രീതിയാണ് അനുകരിച്ചത്.

-----

# ആശമാരുടെ അനിശ്ചിതകാല നിരാഹാരസമരം രണ്ടാം ദിനത്തിൽ

തിരുവനന്തപുരം: സെക്രട്ടേറിയറ്റിനു മുന്നിൽ ആശാപ്രവർത്തകരുടെ അനിശ്ചിതകാല നിരാഹാര സമരം ഇന്ന് രണ്ടാം ദിവസത്തിലേക്ക് കടന്നു. ആശ പ്രവർത്തകരായ എം. എ. ബിന്ദു കെ. പി. തങ്കമണി, ആർ. ഷീജ എന്നിവരാണ് നിരാഹാരം അനുഷ്ഠിക്കുന്നത്. അതേസമയം ആശാ പ്രവർത്തകരുടെ രാപ്പകൽ സമരം ഇന്ന് 40ാം ദിവസത്തിലേക്ക് കടന്നു. ഇന്നലെ രാവിലെ പതിനൊന്നിനാണ് ആശമാരുടെ നിരാഹാര സമരം ആരംഭിച്ചത്. വ്യാഴാഴ്ച സമരപ്പന്തലിൽ പ്രതിപക്ഷ നേതാവിന്റെ നേതൃത്യത്തിൽ യുഡിഎഫ് എംഎൽഎമാർ ഐക്യദാർഢ്യവുമായി എത്തിയിരുന്നു.

ആശമാരുടെ നിരാഹാര സമരത്തിന് പൊതു സമൂഹത്തിൽ നിന്നും വലിയ പിന്തുണയാണ് ലഭിക്കുന്നത്. സമരം ഒത്തുതീർപ്പാക്കണമെന്ന് ഇന്നും സഭയിൽ വിഷയം അവതരിപ്പിക്കുമെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ വ്യക്തമാക്കിയിരുന്നു.

ഡൽഹിയിൽ പോയി ആശമാരുടെ പ്രശ്നങ്ങൾ കേന്ദ്ര ആരോഗ്യ മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുമെന്നാണ് വ്യാഴാഴ്ച മന്ത്രി വീണ ജോർജ് പറഞ്ഞിരുന്നത്. എന്നാൽ ഏറെ വൈകി മന്ത്രിയോട് കാണാൻ അനുമതി ചോദിച്ചതിനാൽ തിരക്ക് കാരണം അനുമതി നൽകിയില്ല. വീണ ജോർജ് ആശമാരെ അവഹേളിച്ചുവെന്ന് പ്രതിപക്ഷം ആരോപിച്ചു.

ഓണറേറിയം 21,000 ആയി വർധിപ്പിക്കുക, വിരമിക്കൽ ആനുകൂല്യം അഞ്ചു ലക്ഷം രൂപയാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ഫെബ്രുവരി പത്തിനായിരുന്നു സെക്രട്ടേറിയറ്റിന് മുന്നിൽ ആശ വർക്കർമാർ രാപ്പകൽ സമരം ആരംഭിച്ചത്. ഒത്തുതീർപ്പ് ചർച്ചകളെല്ലാം പരാജയപ്പെട്ടതോടെയാണ് ആശാ പ്രവർത്തകർ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചത്.

# ഇന്നും നാളെയും സംസ്ഥാന വ്യാപകമായി പൊതുവിടങ്ങളിൽ ശുചീകരണം

മാലിന്യമുക്ത നവകേരളം പരിപാടിയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന പഞ്ചായത്തുതല പൊതുവിട ശുചീകരണം 22, 23 തീയതികളിൽ നടക്കും. മാലിന്യമുക്ത നവകേരളത്തിന്റെ തദേശസ്ഥാപനതല പ്രഖ്യാപനങ്ങൾ 30 ന് നടക്കുന്നതിന്റെ മുന്നോടിയായാണിത്.

എല്ലാ പഞ്ചായത്തുകളിലും ഹരിതകർമസേനയുടെ നേതൃത്വത്തിൽ അജൈവമാലിന്യശേഖരണം നടക്കുന്നുണ്ട്. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളും പഞ്ചായത്തുകൾ ഏർപ്പെടുത്തുന്നുണ്ട്. എങ്കിലും ചിലയിടങ്ങളിൽ പൊതുസ്ഥലത്ത് മാലിന്യം തള്ളുന്ന പ്രവണത ഇപ്പോഴുമുണ്ട്. നിയമം കർക്കശമാക്കുകയും ഇത്തരത്തിൽ മാലിന്യം തള്ളുന്നവരെ പിടികൂടി പിഴ ഈടാക്കുകയും ചെയ്യുന്നുണ്ടെങ്കിലും നേരത്തേ നിക്ഷേപിക്കപ്പെട്ടതുൾപ്പെടെ ചിലയിടങ്ങളിൽ മാലിന്യക്കൂനകൾ അവശേഷിക്കുന്നു.

ഇത്തരത്തിലുള്ള ലെഗസി മാലിന്യം നീക്കം ചെയ്യുന്നതിനാണ് ശനിയും ഞായറും പൊതുജനങ്ങളുടെകൂടി സഹകരണത്തോടെ പഞ്ചായത്ത് തലത്തിൽ മെഗാ ക്ലീനിംഗ് പരിപാടി സംഘടിപ്പിക്കുന്നത്.

ഇത്തരത്തിൽ മാലിന്യം നീക്കം ചെയ്യുന്ന പ്രദേശങ്ങളിൽ സാധ്യമായ സ്ഥലങ്ങൾ പൂന്തോട്ടങ്ങൾ നിർമിക്കുന്നത് ഉൾപ്പെടെയുള്ള പരിപാടികൾ ഓരോ പഞ്ചായത്തുകൾക്കും ആവിഷ്കരിക്കും.

ജനപ്രതിനിധികൾ, വിദ്യാർഥികൾ, ഹരിതകർമസേന, എൻ.എസ്.എസ്, എസ്.പി.സി, സ്കൗട് ആൻഡ് ഗൈഡ്സ്, റെസിഡന്റ്സ് അസോസിയേഷനുകൾ, ജനകീയ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് ശുചീകരണ പരിപാടികൾ നടത്തുന്നത്.

# കുറുപ്പംപടി പീഡനം; പെൺകുട്ടികളുടെ അമ്മയ്ക്കെതിരേ കേസെടുക്കും

പെരുന്പാവൂർ: കുറുപ്പംപടിയിൽ പീഡനത്തിനിരയായ പെൺകുട്ടികളുടെ അമ്മയ്ക്കെതിരേ കേസെടുക്കും. പീഡനവിവരം അമ്മയ്ക്ക് അറിയാമായിരുന്നെന്നാണ് പോലീസിന്റെ നിഗമനം. കുട്ടികൾ പീഡനത്തിനിരയായെന്ന വിവരം അമ്മയ്ക്ക് അറിയാമായിരുന്നുവെന്ന് പ്രതി മൊഴി നൽകിയിരുന്നെങ്കിലും ആദ്യം പോലീസ് ഇത് മുഖവിലയ്ക്കെടുത്തിരുന്നില്ല. കുട്ടികൾ മജിസ്ട്രേറ്റിന് കൊടുത്ത രഹസ്യമൊഴിയുടെ കൂടി പകർപ്പ് ലഭിച്ച ശേഷമാണ് അമ്മയെ പ്രതി ചേർക്കാൻ പോലീസ് തീരുമാനിച്ചത്. പീഡനവിവരം അറിഞ്ഞിട്ടും അത് മറച്ചുവച്ചതിനാണ് ഇവർക്കെതിരേ കേസെടുക്കുക. പോലീസ് ഇവരെ സ്റ്റേഷനിലേക്ക് വിളിച്ചുവരുത്തി മൊഴി രേഖപ്പെടുത്തുകയാണ്. പെൺകുട്ടികളുടെ അമ്മയുടെ ആൺസുഹൃത്താണ് കേസിലെ പ്രതിയായ ധനേഷ്. 10, 12,വയസുള്ള പെൺകുട്ടികളെയാണ് ഇയാൾ രണ്ട് വർഷത്തോളം പീഡനത്തിനിരയായത്. സ്കൂൾ അധികൃതർ നൽകിയ പരാതിയിലാണ് പോലീസ് കേസെടുത്തത്. കുട്ടികളിൽ ഒരാൾ പീഡനവിവരം പേപ്പറിൽ എഴുതി സ്കൂളിലെ കൂട്ടുകാരിക്ക് കൊടുത്തു. ഇത് അധ്യാപികയുടെ കൈവശം കിട്ടി. അധ്യാപിക നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് പ്രതിയെ പോലീസ് പിടികൂടിയത്.

# കുറുപ്പംപടി പോക്സോ കേസ്; പെൺകുട്ടികളെ സിഡബ്ല്യുസി ഏറ്റെടുത്തു

പെരുന്പാവൂർ: കുറുപ്പംപടിയിൽ പീഡനത്തിനിരയായ പെൺകുട്ടികളുടെ സംരക്ഷണം ശിശുക്ഷേമ സമിതി (സിഡബ്ല്യുസി) ഏറ്റെടുത്തു. കുട്ടികളുടെ രഹസ്യമൊഴി മജിസ്ട്രേറ്റ് രേഖപ്പെടുത്തി. അതേസമയം കുട്ടികൾ പീഡനത്തിനിരയായെന്ന വിവരം അമ്മയ്ക്ക് അറിയാമായിരുന്നുവെന്നാണ് അറസ്റ്റിലായ പ്രതി ധനേഷ് പോലീസിൽ മൊഴി നൽകിയിരിക്കുന്നത്. കുട്ടികളുടെ രഹസ്യമൊഴിയുടെ പകർപ്പ് ലഭിച്ച ശേഷം അമ്മയെ പ്രതി ചേർക്കുന്ന കാര്യത്തിൽ പോലീസ് അന്തിമ തീരുമാനമെടുക്കും.

പെൺകുട്ടികളുടെ അമ്മയുടെ ആൺസുഹൃത്താണ് ധനേഷ്. 10, 12,വയസുള്ള പെൺകുട്ടികളെയാണ് ഇയാൾ രണ്ട് വർഷത്തോളം പീഡനത്തിനിരയായത്. സ്കൂൾ അധികൃതർ നൽകിയ പരാതിയിലാണ് പോലീസ് കേസെടുത്തത്. കുട്ടികളിൽ ഒരാൾ പീഡനവിവരം ഒരു പേപ്പറിൽ എഴുതി സ്കൂളിലെ കൂട്ടുകാരിക്ക് കൊടുത്തു. ഇത് അധ്യാപികയുടെ കൈവശം കിട്ടി. അധ്യാപിക നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് പ്രതിയെ പോലീസ് പിടികൂടിയത്.

# വയനാട് പുനരധിവാസം; കേന്ദ്ര വായ്പാ വിനിയോഗിക്കുന്നതിനുള്ള സമയപരിധി നീട്ടി

കൊച്ചി: വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിനുള്ള കേന്ദ്രവായ്പ വിനിയോഗിക്കുന്നതിനുള്ള സമയം നീട്ടിനൽകിയെന്ന് കേന്ദ്രം. മാർച്ച് 31 എന്നത് ഡിസംബർ 31 വരെ നീട്ടിയെന്ന് കേന്ദ്രം ഹൈക്കോടതിയെ അറിയിച്ചു.

വായ്പാ വിനിയോഗത്തിന്റെ സമയപരിധിയിൽ വ്യക്തത വരുത്തി സത്യവാംഗ്മൂലം നൽകാത്തതിൽ കേന്ദ്രത്തിനെതിരേ കോടതി രൂക്ഷ വിമർശനം ഉന്നയിച്ചു. കാര്യങ്ങൾ നിസാരമായി എടുക്കരുത്. കലക്കവെള്ളത്തിൽ മീൻ പിടിക്കരുതെന്നും കോടതി പറഞ്ഞു. ഡൽഹിയിലുള്ള ഉദ്യോഗസ്ഥൻ കോടതിയുടെ മുകളിലാണ് എന്നാണോ കരുതുന്നതുന്നതെന്ന് കോടതി ചോദിച്ചു. ചുമതലയുള്ള ഉദ്യോഗസ്ഥനെ അടുത്ത ഫ്ളൈറ്റിൽ ഇവിടെ എത്തിക്കാൻ കഴിയുമെന്നും കോടതി താക്കീത് നൽകി. വയനാട് പുനരധിവാസത്തിന് കേന്ദ്രം അനുവദിച്ച വായ്പയ്ക്ക് മാർച്ച് 31 ആയിരുന്നു സമയപരിധി നിശ്ചയിച്ചത്. ഇത് പ്രായോഗികമല്ലെന്ന് സംസ്ഥാനം കോടതിയെ അറിയിച്ചിരുന്നു. വിഷയത്തിൽ മൂന്നാഴ്ചയ്ക്കകം മറുപടി സത്യവാംഗ്മൂലം നൽകാൻ കോടതി ആവശ്യപ്പെട്ടിരുന്നു. യഥാസമയം സത്യവാംഗ്മൂലം സമർപ്പിക്കാതിരുന്നതോടെയാണ് കോടതി രൂക്ഷ വിമർശനം ഉന്നയിച്ചത്. തിങ്കളാഴ്ച തന്നെ സത്യവാംഗ്മൂലം നൽകണമെന്നും കോടതി കേന്ദ്ര സർക്കാരിന് കർശന നിർദേശം നൽകി.

# കർണാടകയിൽ തിങ്കളാഴ്ച ബന്ദ്

ബംഗളൂരു: കർണാടകയിൽ തിങ്കളാഴ്ച ബന്ദ് പ്രഖ്യാപിച്ച് കന്നഡ അനുകൂല സംഘടനകൾ. മറാത്തി സംസാരിക്കാൻ അറിയാത്തതിന്റെ പേരിൽ കർണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബസ് കണ്ടക്ടറെ ബെലഗാവിയിൽ ആക്രമിച്ചതിൽ പ്രതിഷേധിച്ചാണ് ബന്ദിന് ആഹ്വാനം ചെയ്തിരിക്കുന്നത്. രാവിലെ ആറ് മുതൽ വൈകിട്ട് ആറ് വരെ 12 മണിക്കൂർ സംസ്ഥാന വ്യാപക ബന്ദ് സംഘടിപ്പിക്കും. ബിഎംടിസി തൊഴിലാളികൾ അടക്കം ബന്ദിന് പിന്തുണയർപ്പിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുഗതാഗതം സ്തംഭിക്കാൻ സാധ്യതയുണ്ട്.

കർണാടകയിലെ മറാത്തി ഗ്രൂപ്പുകളെ നിരോധിക്കണമെന്നാണ് കന്നഡ അനുകൂല സംഘടനകളുടെ പ്രധാന ആവശ്യം.